സഭാചന്ദ്രിക

(മാസത്തിൽ രണ്ടു തവണ)

ആലുവാ തൃക്കുന്നത്ത് സിമ്മനാരിയിൽനിന്നും

Licence No. 570 Dated 3rd April 1948. Registered No. T. 179.

പുസ്തകം 1 1123 മിഥുനം 30 ലക്കം 6

"ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു;
കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു."
സങ്കീ. 46: 1.

വിഷയവിവരം.

(ലേഖകന്മാരുടെ അഭിപ്രായത്തിന് പത്രാധിപക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കയില്ല.)

		പേജ്.
1.	Rules of life — Hold Ons.	Cover page 2.
2.	സ്വന്തംകാര്യം	101.
3.	ധ്യാനം	102.
4.	വി. കുർബ്ബാനസമയത്തുള്ള ശുശ്രൂഷകൾ (Rev: Fr. Athumkal)	103.
5.	ക്രിസ്തീയ സഭാഭിന്നതകൾ (Mr. Thomas Mathew B. A., L. T.)	104.
6.	ബാലപംക്തി	106.
7.	പദ്യം (Rev. Fr. Chemmannur)	106.
8.	ചോദ്യോത്തരപംക്തി	108.
9.	ചിത്രങ്ങൾ: 1) ബഃ ആലിയാട്ടുകുടി പൗലൂസ് കശ്ശീശ്ശാ. 2) ബഃ പുലിക്കോട്ടിൽ സൈമൺകത്തനാർ.	
10.	ക്യംതാപള്ളി (M. G. M.)	109.
11.	ചെറുകഥ (തോമസ് മാത്യു, കുമരകം)	112.
12.	രസകരമായ ചില അറിവുകൾ	114.
13.	പഴയ നിയമത്തിലെ ഉപമകൾ (പി. സി. ആൻഡ്രൂസ്, ബി. എ.)	115.
14.	വി. പൗലോസിൻെറ ജീവചരിത്രം (തുടർച്ച)	116.
15.	സഭാവാർത്തകൾ—ലോകവാർത്താസംഗ്രഹം	117.
16.	The Science of Success (Contd.)	118.
17.	പിരിവു ലിസ്റ്റ്, Advertisement	(കവർ) 3 & 4.

വരിസംഖ്യ: ഒരാണ്ടത്തേക്ക് 6 ക. അഞ്ചൽമാർഗ്ഗം.
,, ടി. 7 ക. തപാൽമാർഗ്ഗം.

പരസ്യക്കൂലി: ഒരു കോളം ഒരിഞ്ച് വീതിക്ക് ഒരു രൂപാ മാത്രം.

RULES OF LIFE.

WHEN James A. Garfield, later President of the United States, was a young man, a printed slip was given him by a friend which he carefully cherished and the principles of which he sought to practice to the end of his lfe. It read:

Never be idle.

Make few promises.

Always speak the truth.

Never play games of chance.

Drink no intoxicating drinks.

Good character is above everything else.

Keep your own secrets, if you have any.

Do not marry untill you are able to support a wife.

Keep honest if you would be happy.

When you speak to a person look into his eyes.

Make no haste to be rich.

Live within your income.

Save when you are young, to spend when you are old.

Good company and good conversation are the sinews of virtue.

Your character cannot be injured much except by your own acts.

Never speak evil of anyone.

If anybody speaks evil of you, let your life disprove it.

At night, think over what you have done during the day. Read the above, carefully and thoughtfully, at least once a week.

HOLD-ONS.

1. Hold on to your hand when you are about to do an unkind act.
2. Hold on to your tongue when you are just ready to speak harshly.
3. Hold on to your heart when evil persons invite you to join their ranks.
4. Hold on to your virtue—it is above all price to you in all times and places.
5. Hold on to your foot when you are on the point of forsaking the path of right.
6. Hold on to the truth, for it will serve you well and do you good throughout eternity.
7. Hold on to your temper when you are excited or angry or others are angry with you.
6. Hold on to your good character, for it is and ever will be your best wealth.

(Selected)

സ്വന്തം കാര്യം.

(വരിസംഖ്യ തന്നിട്ടുള്ള നിങ്ങളുടെ രജിസ്റ്റർ നമ്പർ...............)

ചന്ദ്രികയുടെ 1-ാം 2-ാം ലക്കങ്ങൾ മേൽവിലാസം കിട്ടിയ അനേകം സുഹൃത്തുക്കൾക്കയച്ചു. മറുപടികാർഡു് വച്ചാണു് 1-ാം ലക്കം മിക്കവാറും അയച്ചതു്. മററ ചില ലക്കങ്ങളിലും പുറമെ ചിലക്കു് മറുപടികാർഡു് വച്ചയച്ചു. പലരും യാതൊരു മറുപടിയും തന്നില്ല. അതിനാൽ മറുപടി തരാതെയിരുന്ന മിക്കപേക്കും 3-ാം ലക്കം മുതൽ മാസിക അയച്ചിട്ടില്ല. അച്ചടിച്ചിലവു് വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു് അധികം പ്രതികൾ വൃഥാ അച്ചടിച്ചു് നഷ്ടപ്പെടുത്തുവാൻ നിവൃത്തിയില്ലല്ലോ. പലരും വരിസംഖ്യ അയച്ചുതന്നു് ഞങ്ങളെ പ്രോത്സാഹിപ്പിച്ചതിനു് ഹാർദ്ദമായ നന്ദി പ്രദർശിപ്പിച്ചുകൊള്ളുന്നു. പുതുതായി ചന്ദ്രിക വേണ്ടവർ വിവരം അറിയിക്കണെ. പണം തന്നവരുടെ രജിസ്റ്റർ നമ്പർ ഈ പേജിന്റെ മുകളിൽ ചേർത്തിട്ടുണ്ടു്. അവർ ഞങ്ങളുമായി നടത്തുന്ന എഴുത്തുകുത്തുകളിൽ ദയവായി ഈ രജിസ്റ്റർനമ്പർ കാണിച്ചാലെ വിവരം മനസ്സിലാക്കുന്നതിനു് എളുപ്പമുണ്ടായിരിക്കയുള്ളു. ഏതു് എഴുത്തിലും മേൽവിലാസം എഴുതിയിരിക്കണം. മറുപടി കിട്ടേണ്ട എഴുത്തുകൾക്കു് മറുപടികാർഡോ, കവറോ വച്ചിരിക്കണം. പേരു വയ്ക്കാതെ അഭിപ്രായങ്ങൾ എഴുതി അയക്കത്തക്ക ഭീരുക്കളായി ആരും തീരരുതു്. അഭിപ്രായങ്ങൾ പുരോഗമനത്തെപ്പറ്റി ആർക്കും അറിയിക്കാം. അധികാരസ്ഥാനത്തുനിന്നും കല്പിക്കുന്ന കാര്യങ്ങൾമാത്രം നടപ്പിൽ വരുത്തുന്നതായിരിക്കും. ലേഖനങ്ങൾ അയക്കുന്നവർ നല്ല കടലാസിൽ ഒരു പുറത്തുമാത്രം മഷിയിൽ വെട്ടിതിരുത്തു് ഇല്ലാതെയും അക്ഷരവീഴ്ച കൂടാതെയും, ആർക്കും എളുപ്പത്തിൽ വായിക്കാൻ തക്കവണ്ണം എഴുതി അയച്ചുതരണം. അതിനു സമയമില്ലാത്തവർ ഞങ്ങളെ ഉപദ്രവിക്കരുതെന്നപേക്ഷ. ലേഖനത്തിന്റെ മുകളിൽ പൂർണ്ണമായ പേർ ഉണ്ടായിരുന്നാൽ കൊള്ളാം. ലേഖനം എഴുതിയിരിക്കുന്ന കടലാസിൽതന്നെ, പത്രാധിപർക്കും മാനേജർക്കും മററുമുള്ള എഴുത്തെഴുതാതെ അതു് വേറെ കടലാസിൽതന്നെ എഴുതണം. നിങ്ങൾ അയക്കുന്ന ലേഖനക്കടലാസു് അതുപടി പ്രസ്സിൽ കൊടുക്കുവാനുള്ളതാണു്.

ലേഖനങ്ങൾ ധാരാളമായി വന്നുകൊണ്ടിരിക്കുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എല്ലാം ചേർക്കുവാൻ സ്ഥലമില്ല. ചിലതു് ചേർക്കേണ്ട അത്യാവശ്യവും കാണുന്നില്ല. സ്ഥലം ഉണ്ടാകുന്നതനുസരിച്ചു് വഴിയെ ചേർത്തുകൊള്ളാം.

സഭയിലെ പ്രിയപ്പെട്ട അംഗങ്ങൾക്കു് എഴുതുവാനുള്ളതാണു് ചന്ദ്രിക. അതിനാൽ നിവൃത്തിയുള്ളിടത്തോളം ലേഖനങ്ങൾ—സാരങ്ങളും അസാരങ്ങളും— ഞങ്ങൾ ചേർക്കാൻ ശ്രമിക്കാം. സഭയിൽ എഴുത്തുകാർ വർദ്ധിക്കുന്നതിനു് ചന്ദ്രിക സഹായകമായിരിക്കണമെന്നുദ്ദേശമുണ്ടു്. എഴുത്തുകാർ അപ്രമാദിത്വമുള്ളവരായിരിക്കയില്ല. അറിവുള്ളവർ ചേർ[illegible]ച്ചു്, ഒരു ലേഖകന്റെ അഭിപ്രായ വീഴ്ചയെ ചൂണ്ടിക്കാണിച്ചു് മറ്റൊരു ലേഖനം അയച്ചുതരാവുന്നതാണു്. സത്യത്തിന്റെ സമ്പൂർണ്ണതയിലേക്കുള്ള പ്രയാണത്തിൽ ഒരു സഹായിമാത്രമാണു് ചന്ദ്രിക. ചോദ്യങ്ങൾ അനവധി വന്നുകൊണ്ടിരിക്കുന്നു. ഇവക്കെല്ലാററിനും സ്ഥലം മതിയാകുന്നില്ല. അതിനാൽ ഒരാൾ ഒരു തവണ ഒരു ചോദ്യംമാത്രം ചോദിച്ചാൽ സൗകര്യമായിരുന്നു. അധികാരസ്ഥാനത്തുനിന്നും വിലക്കുന്ന ചോദ്യങ്ങൾ പ്രസിദ്ധീകരിക്കയില്ല. ചില ലേഖനങ്ങൾ വ്യക്തികളെ ലക്ഷ്യപ്പെടുത്തണമെന്ന ഉദ്ദേശംവച്ചു് എഴുതിയിരിക്കുന്നതുപോലെ തോന്നുന്നു. അവ പ്രസിദ്ധീകരിക്കുന്നതല്ല. ചന്ദ്രികയിൽ ചേർക്കാത്ത ലേഖനം മടക്കിക്കിട്ടണമെങ്കിൽ ലേഖനത്തോടുകൂടെ സ്റ്റാമ്പും അയച്ചിരിക്കണം. ചെറുകഥകളും ധാരാളം വന്നുകൊണ്ടിരിക്കുന്നു. എന്നാൽ ആത്മീയ അന്തരീക്ഷത്തിനു് അശേഷം യോജിക്കാത്ത പദപ്രയോഗങ്ങൾ ചന്ദ്രികയിലെ ചെറുകഥകളിൽ ഉണ്ടായിരിക്കരുതു്. ചെറുകഥമൂലം വായനക്കാർ രസിച്ചാൽമാത്രം പോരാ, ആത്മീയസംഗതികളിലേക്കു് വായനക്കാരെ ഉയർത്തുന്ന പാഠങ്ങൾ അതിൽ ഉണ്ടായിരിക്കണം.

എഴുത്തുകാരെ ഞങ്ങൾ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. ദൈവത്തിനു് സേവ ചെയ്യുന്നുവെന്ന മനോഭാവത്തിൽ എഴുതണമെന്നപേക്ഷ. ചന്ദ്രികയുടെ ഉദ്ദേശം ദൈവമഹത്വവും, ദൈവരാജ്യവും, ദൈവഹിതവുമത്രെ!

പണസംബന്ധമായ സകല കാര്യങ്ങൾക്കും മാനേജർക്കു് എഴുതണം. ഏതെങ്കിലും ലക്കം കിട്ടാതെ പോയാൽ പത്രാധിപരെ വിവരം അറിയിക്കുക. എത്ര താമസിച്ചാലും 15-ാംനു-യിലെ ചന്ദ്രിക 30-ാംനു-ക്കുള്ളിലും, 30-ാംനു-യിലെ ചന്ദ്രിക അടുത്തമാസം 15-ാംനു-ക്കുള്ളിലും കിട്ടേണ്ടതാണു്. വല്ല പിശകുംമൂലം ഒരാളുടെ മേൽവിലാസത്തിൽ ഒരേ ലക്കംതന്നെ രണ്ടു പ്രാവശ്യം വന്നുപോയാൽ പൊട്ടിക്കാതെ 'വേറെ കിട്ടി' എന്നെഴുതി മടക്കിയാൽ മതി. പൊട്ടിക്കുന്നതിനു മുൻപുതന്നെ ഏതാം ലക്കം എന്നറിവാൻ സാധിക്കുമല്ലോ. ഒരാളുടെ മേൽവിലാസം മാറിയാൽ ഉടനെ വിവരം അറിയിക്കണം.

വി. പി. അയക്കാൻ ആവശ്യപ്പെട്ടുകൊണ്ടു് എഴുതിയ ചിലർക്കു് ഞങ്ങൾ വി. പി. അയച്ചിട്ടു് 'വേണ്ടാ' എന്നു പറഞ്ഞു് മടക്കി. ഇതെന്തുകൊണ്ടാണെന്നു് ഞങ്ങൾക്കു് മനസ്സിലാകുന്നില്ല. ഇത്തരം മര്യാദകേടു് സഭാംഗങ്ങൾ ആരും ആവർത്തിക്കയില്ലെന്നു് വിശ്വസിക്കുന്നു. വി. പി. അയക്കുന്നതുതന്നെ നഷ്ടമാണു്. അതിനാൽ വരിസംഖ്യ മാനേജർക്കു് നേരിട്ടു് മണിഓർഡർ ചെയ്തു് സഹായിക്കുന്നതാണു് ഉത്തമം. പ്രസ്സിൽ വളരെ പണം കൊടുക്കാനുള്ളതിനാൽ ദയവായി ഉടനെ വരിസംഖ്യ അയക്കാത്തവർ അതിൽ ശ്രദ്ധ പതിച്ചു് സഹായിക്കണമെന്നപേക്ഷ. 'ഒത്തു പിടിച്ചാൽ മലയും പോരും'

വരിസംഖ്യയുമില്ല, വരിസംഖ്യ അയക്കാമെന്ന മറുപടിയുമില്ലായെങ്കിൽ, ഞങ്ങൾ അവക്കു് മാസിക തുടന്നയക്കുന്നതെങ്ങനെ? അതിനാൽ മാസിക വേണ്ടവക്കു് കിട്ടാതിരിക്കുന്നപക്ഷം ഉടൻ വിവരമറിയിക്കുക. 3-ാം 4-ാം ലക്കങ്ങൾ ആരുടെയെങ്കിലും കൈവശത്തിൽ അധികപ്പററുണ്ടെങ്കിൽ തിരിച്ചയച്ചുതന്നാൽ വലിയ ഉപകാരമായി. പലരെക്കൊണ്ടും മാസിക എടുപ്പിക്കാൻ നിങ്ങൾ ചെയ്യുന്ന ശ്രമം ഒരു സുവിശേഷ വേലയായിരിക്കും. കഴിവുള്ള സർവ്വ കുടുംബങ്ങളിലും ഓരോ മാസിക വരുത്തി സഭയെ സഹായിക്കണെ.

1124 ചിങ്ങം മുതലുള്ള ചന്ദ്രികയിലെ സഭാപഞ്ചാംഗത്തിൽ ദിനംതോറും വേദപുസ്തകം വായിക്കുവാനുള്ള ഓരോ ഭാഗവും ചേർക്കണമെന്നു് വിചാരിക്കുന്നു. അതിന്റെ ക്രമീകരണം പൂർത്തിയാകാത്തതുകൊണ്ടാണു് ഇതുവരെ ചേർക്കാഞ്ഞതു്.

ധ്യാനം.

(സെൻറ് അഗസ്റ്റിൻെറ പ്രേമഗീത)

ദൈവത്തിന്നായുള്ള വാഞ്ചര.

കരുണാസാഗരമായ ദൈവമെ! നിന്നെ ഞാൻ എൻെറ ആത്മാവിലേക്ക ക്ഷണിക്കുന്നു. എന്നിൽ നീ നിക്ഷേപിക്കുന്ന ആഗ്രഹംമൂലം നിന്നെ വാഞ്ചിക്കുന്നതിനും സ്വീകരിക്കുന്നതിനും നീ എന്നെ തയ്യാറാക്കുന്നു. കത്താവെ! നീ എന്നിൽ പ്രവേശിക്കണമെയെന്ന് ഞാൻ കേണപേക്ഷിക്കുന്നു. എന്നെ നിനക്ക് യോഗ്യനാക്കണമെ. നീ സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്ത എന്നെ നീതന്നെ അവകാശപ്പെടുത്തണമെ. എൻെറ ഹൃദയത്തിന് നീ ഒരു മുദ്രയായി തീരണമെ. സ്നേഹത്തിൻെറ സാഗരമെ! നിന്നെവിളിച്ച് നിലവിളിക്കുന്ന എന്നെ പരിത്യജിക്കരുതെ. എന്തുകൊണ്ടെന്നാൽ ഞാൻ നിന്നെ വിളിക്കുന്നതിനുമുമ്പ് നീ എന്നെ വിളിക്കയും അന്വേഷിക്കയും ചെയ്തവനാണല്ലൊ. നീ അപ്രകാരം ചെയ്തതു് എന്തിനാണ്? നിൻെറ ദാസനായ ഞാൻ നിന്നെ ആരായുന്നതിനും, ആരാഞ്ഞു കണ്ടുപിടിയ്ക്കുന്നതിനും, കണ്ടറിഞ്ഞ് സ്നേഹിക്കുന്നതിനും തന്നെയാണല്ലൊ. കത്താവെ! നിന്നെ ഞാൻ അന്വേഷിച്ചു; നിന്നെ ഞാൻ കണ്ടെത്തി. നിന്നെ സ്നേഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എൻെറ ആഗ്രഹത്തെ വദ്ധിപ്പിക്കണമെ. ഞാനപേക്ഷിക്കുന്നതു് നൽകണമെ. നിൻെറ സൃഷ്ടികളെ മുഴുവനും എനിക്ക് തന്നാലും നിന്നെയുംകൂടി ലഭിക്കാത്തപക്ഷം എനിക്ക് മതിയാകുന്നതല്ല. എൻെറ ദൈവമെ! അതുകൊണ്ട് നിന്നെതന്നെയാണ് എനിക്ക് ഒന്നാമതായി തരേണ്ടതു്. ഇതാ നിന്നെ ഞാൻ സ്നേഹിക്കുന്നു. നിന്നിലുള്ള എൻെറ സ്നേഹം അല്പംമാത്രമാകയാൽ കൂടുതൽ സ്നേഹിക്കുവാൻ എനിക്ക് നിൻെറ കൃപ വേണ്ടിയിരിക്കുന്നു. നിൻെറ സ്നേഹത്താൽ ഞാൻ ബന്ധിതനായിരിക്കയാണ്. നിന്നിലുള്ള ആഗ്രഹത്താൽ ഞാൻ എരിഞ്ഞു് ദഹിച്ചുപോകാൻ തുടങ്ങുന്നു. നിൻെറ മധുരസ്മരണയാൽ ഞാൻ അത്യധികം സന്തുഷ്ടവാനായി[...]രുന്നു.

ഹാ! എൻെറ കത്താവെ! എൻെറ മനസ്സ് [...]ൻെറ പക്കലേയ്ക്കുയന്ന് അവണ്ണനീയമായ നിൻെറ [...]ഹകാരുണ്യാദികളെക്കുറിച്ച് ധ്യാനിക്കുവാൻ ആരംഭി[...]മ്പോൾ എൻെറ ജഡീകഭാരം ലഘുവായിതീരുന്നു; [...]ഹബാഹുല്യം അവസാനിക്കുന്നു; ലോകത്തിലെ കഷ്ട[...]ളുടെ ഘനം എന്നെ നിരുത്സാഹനാക്കുന്നില്ല; എല്ലാ[...] ആശ്വാസത്തിൻെറ പ്രശാന്തതയിൽ നിമഗ്നമാകു[...] എൻെറ അന്തരംഗം സ്വഗ്ഗീയദീപ്തിയിൽ ലയി[...]ന്നു; എൻെറ ആത്മാവിൻെറ ഇന്ദ്രിയങ്ങൾ ഉണന്ന്[...] വജീവൻ കൈക്കൊള്ളുന്നു; ബോധം പ്രകാശിപ്പിക്ക[...]ടുന്നു; ഇങ്ങനെ എൻെറ ആത്മാവ് നിന്നെ കാണ്മാനു[...] ആഗ്രഹത്താൽ ജ്വലിച്ചുകൊണ്ട് ആത്മീയകാര്യങ്ങളി[...] സംഭ്രാന്തമായിതീരുന്നു. എൻെറ ആത്മാവ് നിർബ[...]ധം പറന്ന് ഉയരങ്ങളിൽ ഉല്ലസിക്കുമാറാകട്ടെ. [...]ൻെറ ദൈവമെ! നിൻെറ സ്വഗ്ഗീയഭവനത്തിൻെറ മ[...]ഹരതയിലും, അവിടെയുള്ള നിൻെറ മഹിമാസിംഹാ[...]നത്തിങ്കലും എൻെറ ആത്മാവ് പറന്ന കരേറുമാറാ[...]ട്ടെ. സ്വഗ്ഗീയനദികൾക്കരികിലും അവിടെയുള്ള സമൃ[...]മായ മേച്ചിൽസ്ഥലങ്ങളിലും സ്വഗ്ഗീയ പൗരന്മാർ വ[...]ന്നിനിരിക്കുന്ന സ്ഥലത്തും എൻെറ ആത്മാവു വിഹരി[...] പുഷ്ടി പ്രാപിക്കുമാറാകട്ടെ. ഞങ്ങളുടെ ശരണവും, [...]യും, ഉദ്ധാരണവും, ആയ നീതന്നെ ഞങ്ങളുടെ നിത്യാ[...]ന്ദമായി തീരണമെ ഞങ്ങളുടെ പ്രതിസമ്മാനമാകുന്ന [...] ഇഹത്തിൽ ഞങ്ങളുടെ ഭാഗ്യനികേതവുമാകണമെ. [...]ൻെറ ആത്മാവ് എപ്പോഴും നിന്നെതന്നെ അന്വേ[...]ച്ചുകൊണ്ടിരിക്കട്ടെ; നിന്നെ ആരായുന്നതിൽനിന്നും അ[...] മടുത്തു വിരമിക്കാതിരിക്കട്ടെ.

വി: കർബ്ബാനസമയത്തുള്ള ശുശ്രൂഷകൾ.

(Rev. Fr. Athumkal)

വി: കർബ്ബാന ക്രിസ്തീയ സഭയുടെ പൊതു ആരാധനയാണ്. ഓരോ പ്രാദേശിക സഭയിലെ വിശ്വാസികൾ ഒരുമിച്ചു കൂടുന്നതിന് നിശ്ചയിച്ചിരിക്കുന്ന അവസരം ഇതുപോലെ മറെറാന്നില്ല. ആദിമസഭ ആരാധനയ്ക്കായി ഇപ്രകാരം ഒരുമിച്ചു കൂടിയിരുന്നു. (നട. 2. 42) അവർ ഒരുമിച്ചുകൂടി ആരാധന നടത്തുമ്പോൾ "ഉപദേശം, കൂട്ടായ്മ, അപ്പം കണ്ടിപ്പ്, പ്രാത്ഥന" എന്നീ ശുശ്രൂഷകൾ നടത്തിക്കൊണ്ടിരുന്നു.

വി: കർബ്ബാനയിൽ പ്രാത്ഥന, സ്തോത്രം, ഉപദേശം എന്നിങ്ങനെ മൂന്ന് സംഗതികൾ പ്രധാനമായി അടങ്ങിയിരിക്കുന്നു. "ദൈവമായ കത്താവെ! ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും ഈ സമാധാനത്തിന് ഞങ്ങളെ യോഗ്യരാക്കേണമെ. എന്നിത്യാദി ഭാഗങ്ങൾ പ്രാത്ഥനയ്ക്കും; "ആകാശവും ഭൂമിയും തൻെറ സ്തുതികൾകൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി" ഇത്യാദി ഭാഗങ്ങൾ സ്തോത്രത്തിനും; "കൊടുക്കപ്പെട്ടിരിക്കുന്ന സമാധാനത്തിനുശേഷം കരുണയുള്ള കത്താവിൻെറ മുമ്പാകെ നാം തല കുനിക്കണം" ഇത്യാദി ഭാഗങ്ങൾ ഉപദേശത്തിനും ദൃഷ്ടാന്തങ്ങളാണ്. ഇപ്രകാരം മൂന്നുംകൂടിചേന്നു നടത്തിവരുന്ന പൊതുആരാധനയെ അതായതു് മാനീസാ മുതൽ അവസാന റൂശ്മാ വരെ പ്രധാനമായി മൂന്നു ഘട്ടമായി തിരിച്ചിരിക്കുന്നു. 1. ഒരുക്കം. (പട്ടക്കാരൻ ദർഗായിൽ പ്രവേശിക്കുന്നതുവരെ) 2. അർപ്പണം. (ദർഗായിൽ പ്രവേശിച്ചതുമുതൽ ഇറങ്ങുന്നതുവരെ) 3. അനുഭവം (അവസാന റൂശ്മാവരെ.) 1. ഒരുക്കസമയം വേദഭാഗങ്ങൾ വായിച്ചും ചിന്തിച്ചും പ്രാത്ഥിച്ചും വി: കർബ്ബാനയിൽ സംബന്ധിപ്പാൻ തക്കവണ്ണം ഒരുങ്ങുകയും ഒരുക്കുകയും ചെയ്യുന്നു. ഇതിൻെറ അവസാനത്തിൽ പട്ടക്കാരൻ തനിച്ച് പ്രത്യേകം പ്രാത്ഥിക്കേണ്ടവക്ക് വേണ്ടി മദ്ധ്യസ്ഥപ്രാത്ഥനകൾ അണക്കുന്നുണ്ട്. (2.) അർപ്പണസമയം വിശ്വാസികൾമാത്രം ആരാധനയിൽ സംബന്ധിക്കുകയും വി: കർബ്ബാന വിശ്വാസികൾക്കുവേണ്ടി തിരുബലിയായി അർപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതിനിടയിൽ (തുബദേൻ) ജീവനുള്ളവരും മരിച്ചവരുമായ എല്ലാവക്കുംവേണ്ടി പേരുപേരായി പട്ടക്കാരനും ജനങ്ങളും പരസ്യമായും, പ്രത്യേകം ഓക്കേണ്ടവക്ക് വേണ്ടി പട്ടക്കാരൻ രഹസ്യമായും മദ്ധ്യസ്ഥപ്രാത്ഥന നടത്തുന്നു. (3) വി: കർബ്ബാന പരസ്യമായി അനുഭവിക്കുന്നതിനുമുമ്പായി ധൂപപ്രാത്ഥനയോടുകൂടി (ബ:സ്മല്ലം മുതലായവ) പരിശുദ്ധന്മാരുടെ നാമത്തിലും അല്ലാതെയും ജീവനുള്ളവക്ക് വേണ്ടിയും മരിച്ചുപോയവക്ക് വേണ്ടിയും മദ്ധ്യസ്ഥപ്രാത്ഥനകൾ നടത്തുകയും പ്രത്യേകം പ്രാത്ഥിക്കേണ്ടവക്കുവേണ്ടി പരസ്യമായി മദ്ധ്യസ്ഥത അർപ്പിക്കുകയും ചെയ്യുന്നു.

സഭ ഒരുമിച്ചു കൂടുമ്പോൾ മരിച്ചവക്കൊ ജീവനുള്ളവക്കൊ വേണ്ടി വിശ്വാസികൾ ഒരുമിച്ചു പ്രാത്ഥിപ്പാൻ കടപ്പെട്ടിരിക്കുന്നു. വി: കർബ്ബാനയിൽ അഥവാ ആരാധനാ സമയത്ത്, വിശ്വാസികളെല്ലാം ഒരുമിച്ചുകൂടുമ്പോൾ മദ്ധ്യസ്ഥപ്രാത്ഥനകൾ നടത്തേണ്ടതാണ്. ഇതിന് ഇപ്രകാരം ഒരു അവസരമല്ലാതെ ഒരുമിച്ചു കൂടുമ്പോൾ പ്രാത്ഥിപ്പാൻ തക്ക മറെറാരവസരം കാണുന്നില്ല. അതിനാൽ അർപ്പണത്തിനുശേഷം വി: കർബ്ബാന അനുഭവിക്കുന്നതിനു മുമ്പായി മദ്ധ്യസ്ഥപ്രാത്ഥനകൾ നടത്തിവരുന്നു. ആ അവസരത്തിൽതന്നെ പരിശുദ്ധന്മാരുടെ നാമത്തിലൊ മറെറാ രോഗികൾ, ബലഹീനർ, പാപികൾ, ദരിദ്രർ മുതലായവക്കുവേണ്ടിയും ക്ഷാമം പീഡ, ദാരിദ്ര്യം, വർഷക്കുറവ്, വസന്ത മുതലായവയുടെ നിവാരണത്തിനു വേണ്ടിയും, സണ്ടേസ്കൂൾ, സുവിശേഷവേല, പ്രാത്ഥനായോഗങ്ങൾ, സാധുസംരക്ഷണസംഘങ്ങൾ മുതലായ പ്രവത്തനങ്ങൾക്കുവേണ്ടിയും പ്രാത്ഥനകളും രോഗശമനം, മാനസ്സാന്തരം മുതലായി ദൈവത്തിൽനിന്നും ലഭിച്ച കൃപകൾക്കു വേണ്ടി സ്തോത്രശുശ്രൂഷകളും നടത്തുന്നതു കൂടാതെ പ്രസംഗങ്ങൾ, ഉപദേശങ്ങൾ, പ്രബോധനങ്ങൾ മുതലായവ നടത്തുകയും ചെയ്യുന്നു. (നട. 20: 7—11; 1. കോരി. 14: 26, 40) ഇതിലേക്ക് ആവശ്യമുണ്ടെങ്കിൽ എപ്പിസ്കോപ്പ സ്ഥാനത്തുനിന്നും അംഗീകരിച്ചിട്ടുള്ള ഏതു പ്രാത്ഥനകളുംവി: സഭയാൽ നിരസിക്കപ്പെടാത്തിടത്തോളം കാലം ഉപയോഗിക്കാവുന്നതാണ്.

മുറപ്രകാരം വി: മാതാവിൻെറ നാമത്തിൽ ആക്കുവേണ്ടി പ്രാത്ഥിപ്പാൻ ആവശ്യപ്പെടുന്നുവൊ ആ ആൾക്കുവേണ്ടി പരസ്യമായി പ്രാത്ഥിപ്പാൻ തക്ക അവസരവും ഇതുതന്നെയാണ്. ചിലർ പ്രാത്ഥനകളും കൂദാശകളും വെറും കമ്മമാഗ്ഗമായും ഉപജീവനമാഗ്ഗായും വിചാരിക്കുന്നുണ്ടായിരിക്കാം. അവക്ക് ഇതെല്ലാം ഒരു മിനക്കേടും സമയനഷ്ടവുമായി തോന്നിയേക്കാം.

വി: മാതാവിൻെറ നാമത്തിൽ ആർ പ്രാൎത്ഥനയും സ്തോത്രശുശ്രൂഷയും നടത്തുവാൻ ആഗ്രഹിക്കുന്നുവോ ആ ആളുടെ ആവശ്യം പൊതുജനങ്ങളെ മനസ്സിലാക്കി എല്ലാവരും പ്രാൎത്ഥനയിൽ പങ്കെടുക്കുന്നതു് അനുഗ്രഹമായിരിക്കും. വിശ്വാസികൾ പള്ളിയിൽനിന്നും പിരിഞ്ഞിട്ടോ പള്ളിയിൽ വരുന്നതിനു മുമ്പായൊ ഈ കൎമ്മം നടത്തി ആവശ്യക്കാരനും പട്ടക്കാരനും തമ്മിലുള്ള ഒരു പണമിടപാടായി ആക്കിത്തീൎക്കാതെ വിശ്വാസികളെ മദ്ധ്യസ്ഥപ്രാൎത്ഥനയിൽ സ്ഥിരവിശ്വാസികളാക്കിത്തീൎക്കത്തക്കവണ്ണം പെരുമാറേണ്ടതാണു്. ഇപ്രകാരമുള്ള മദ്ധ്യസ്ഥപ്രാൎത്ഥനകൾക്കു് പട്ടക്കാരനു് പണം കിട്ടിയാലും കിട്ടിയില്ലെങ്കിലും നടത്തികൊടുക്കുവാൻ കടപ്പെട്ടവനാണെന്നു വിചാരിച്ചു് നടത്തികൊടുക്കുകയും അതുപോലെ തന്നെ യാതൊരു ശമ്പളവും പററാതെ നമ്മുടെ പ്രാദേശിക സഭകളിൽ സേവനം അനുഷ്ഠിക്കുന്ന പട്ടക്കാൎക്കു "ദൈവാലയകൎമ്മങ്ങൾ നടത്തുന്നവർ ദൈവാലയംകൊണ്ടു് ഉപജീവിക്കണം" (1. കോരി. 9: 13) എന്നുള്ള ദൈവവാക്യം അനുസരിച്ചു് പട്ടക്കാരുടെ സകല ആവശ്യങ്ങളും സാധിപ്പാൻ വിശ്വാസികൾ നിർബ്ബന്ധിതരാണെന്നുള്ള ബോധത്താൽ അവൎക്കു് ആവശ്യമായ ദാനങ്ങൾ കൊടുക്കുകയും ചെയ്യേണ്ടതാണു്.

ക്രിസ്തീയ സഭാഭിന്നതകൾ.

(തൈക്കാട്ടു തോമസ് മാത്യു ബി. എ., എൽ. ടി.)

ശാസ്ത്രങ്ങളുടെ പുരോഗമനംമൂലം ആധുനികകാലങ്ങളിൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള മോട്ടോർകാർ, കമ്പിത്തപാൽ, കമ്പിയില്ലാക്കമ്പി, ആകാശവിമാനം, അണുശക്തിപ്രയോഗം മുതലായവനിമിത്തം മുൻദശകളിൽ അന്യോന്യം സംസൎഗ്ഗവും സഹകരണവും ഇല്ലാതെ അപരിചിതരും പരസ്പരം അഗണ്യരുമായി കഴിച്ചുകൂട്ടിയ ഭിന്നവൎഗ്ഗക്കാരായ ജനസമുദായങ്ങൾക്കു് അങ്ങിനെയുള്ള ഒരു ജീവിതം മേലാൽ സാദ്ധ്യമല്ലാതാക്കിതീൎക്കപ്പെട്ടിരിക്കുന്നു. ഭിന്നസമുദായങ്ങൾ തമ്മിൽ സഹകരിക്കാതെയൊ പ്രതികൂലിക്കാതെയൊ കഴിച്ചുകൂട്ടുവാൻ പാടില്ല എന്ന ഒരു നിലയിൽ ലോകം എത്തിയിരിക്കുന്നു. എന്നാൽ മനുഷ്യസമുദായത്തിലെ ഏററവും പുരാതനപ്രശ്നമായ ഒരു മനുഷ്യനും അവൻെറ അയൽക്കാരനും തമ്മിലുള്ള ബന്ധത്തെപ്പററി സൎവ്വലോകരും സ്വീകരിച്ച ഒരു പദ്ധതി നടപ്പിൽ വരുത്തുവാൻ ഇതഃപൎയ്യന്തം ഉണ്ടായിട്ടുള്ള വിജ്ഞാനാഭിവൃദ്ധിക്കു് സാദ്ധ്യമായിട്ടില്ല. എന്നാൽ നേരെമറിച്ചു് ഇപ്പോഴത്തെ കണ്ടുപിടിത്തങ്ങളും അവയുടെ പ്രവൎത്തനങ്ങളും പ്രസ്തുത ബന്ധത്തെ കൂടുതൽ ക്ലേശകരമാക്കിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇപ്പോൾ ലോകത്തിലുള്ള എല്ലാ മനുഷ്യരും തമ്മിൽ തമ്മിൽ അയൽക്കാരായി തീൎന്നിരിക്കുന്നു. ഓരോ ജനസമുദായത്തിനും ഒന്നുകിൽ കൂടുതൽ ബന്ധുക്കൾ, അല്ലാത്തപക്ഷം കൂടുതൽ ശത്രുക്കൾ ഉണ്ടായിരിക്കുന്നു. ഒരു ചെറിയ രാജ്യത്തിൽ ഉണ്ടാകുന്ന വിപത്തു് അതിൎത്തിരേഖകളെ കടന്നു്, സൎവ്വവ്യാപിയായ പ്രത്യാഘാതങ്ങളെ ഉണ്ടാക്കുമെന്നു് ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ നമ്മെ പഠിപ്പിച്ചു കഴിഞ്ഞു. ഈ വസ്തുത, ക്രിസ്തീയ മതവിഭാഗങ്ങളെ സംബന്ധിച്ചു് കേവലം ഒരു പരമാൎത്ഥം മാത്രമാണെന്നു് ഏതത്കാലാനുഭവങ്ങൾ പരിശോധിക്കുമ്പോൾ കാണാൻ കഴിയും.

ക്രിസ്ത്യാനിമാൎഗ്ഗത്തിൻെറ തല്ക്കാലസ്ഥിതി അത്യാപത്കരമാണെന്നുള്ളതു് വിശദമാകുന്നു. അനേക ശതാബ്ദങ്ങളായി ഭിന്നശാഖകളായി പരിണമിച്ചിരിക്കുന്ന ക്രിസ്തീയസഭകൾ അവരവരുടെ ജാതീയമായും സംസ്കാരപരമായും ഉള്ള പരിതഃസ്ഥിതികളും പാരമ്പൎയ്യങ്ങളും അനുസരിച്ചു് വ്യത്യസ്ഥ പന്ഥാക്കളിൽകൂടി പുരോഗമിച്ചു പരസ്പരപ്രവേശമില്ലാത്തവയും മാത്രമല്ല, ശത്രുതയോടുകൂടി അന്യോന്യം വീക്ഷിക്കുന്നവയും തന്നെ ആയിതീൎന്നിരിക്കുന്നു. ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഈവിധ ഭിന്നതകൾ അവൎക്കു് അന്യജാതികളുടെ മുമ്പിൽ ഒരു നിന്ദാകാരണവും, തങ്ങളിൽ അധിവസിക്കുന്നുവെന്നു് ക്രിസ്ത്യാനികൾ ഘോഷിക്കുന്ന വിശുദ്ധാത്മ ചൈതന്യത്തിനു് വിരോധമായ ഒരു പാപവും അവരുടെ എല്ലാ തോൽവികൾക്കും കാരണവും ആയിത്തീൎന്നിരിക്കുന്നു. എന്നാൽ ഇപ്പോൾ അതു് മുൻകാലങ്ങളിലേക്കാൾ കൂടുതൽ ദോഷപ്രദമായിരിക്കുന്നു. ലോകത്തിലെ സൎവ്വ ജാതികളേയും ക്രിസ്തുവിലേക്കു് ആകൎഷിക്കുക എന്ന ക്രിസ്തീയസഭയുടെ പ്രധാനചുമതലയ്ക്കു് ശാഖാഭിന്നതകൾ മൂലം വളരെ കോട്ടം വരുത്തുന്നു. ആധുനിക നാഗരീകത്വ പരിപോഷണത്തിനു് ആദ്ധ്യാത്മീകമായ ഒരു അടിസ്ഥാനത്തിന്മേൽ ഭൂലോകവ്യാപകമായ മാനുഷകുലോദ്ധാരണത്തെ സാധിക്കുന്നതിനു് പൎയ്യാപ്തമായ ഏകശക്തി ക്രിസ്ത്യാനിമാൎഗ്ഗം മാത്രമാകുന്നു. അതിനുമാത്രമെ ഭയവിഹ്വലരായിരുന്ന കിരാതമനുഷ്യജാതിയെ മൃഗീയത്വത്തിൽനിന്നും നാസ്തികരെ നിരാശാഗൎത്തത്തിൽനിന്നും സംരക്ഷിക്കുന്നതിനു് പ്രാപ്തിയുണ്ടായിട്ടുള്ളു. തന്നിമിത്തം ക്രിസ്ത്യാനികൾ തമ്മിലുള്ള ഐക്യം ഏററവും ആവശ്യമായിരിക്കുന്നു. എന്നാൽ ആ ലക്ഷ്യം അവരുടെ ഇടയിലുള്ള പല മുൻവിധികളാലും പരസ്പരസംശയങ്ങളാലും അപ്രാപ്യമാക്കപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനികളിൽ അധികംപേൎക്കും ഈ ഭിന്നതകളുടെ യഥാൎത്ഥകാരണങ്ങളെപ്പററി യാതൊരു രൂപവുമില്ല. അവർ തമ്മിലുള്ള സഹകരണത്തെ അസാദ്ധ്യമാക്കിത്തീൎത്ത സാഹചൎയ്യങ്ങളുടെ സൂക്ഷ്മവും ക്ലിപ്തവുമായ ജ്ഞാനം ക്രിസ്ത്യാനികളിൽ അനേകൎക്കും ഇല്ല. ആയതുകൊണ്ടു് തന്നിവാരണ മാൎഗ്ഗങ്ങളെപററി ആരായുന്നതിനും അവൎക്കു് പ്രാപ്തിയില്ല. എന്നാൽ ക്രിസ്തീയസഭകൾ തമ്മിലുള്ള അകൽച്ചയെ നിഹനിക്കുന്നതിനു് രണ്ടു കാരണങ്ങൾ ഇപ്പോൾ പല ക്രിസ്തീയ സഭകളേയും പ്രേരിപ്പിക്കുന്നുണ്ടു്. ഭിന്നസഭകൾ തമ്മിലുള്ള അവിശ്വാസവും ധാരണാരാഹിത്യവും ക്രിസ്തീയതത്വങ്ങളുടെ പ്രചരണത്തിനു വിഘ്നമായിരിക്കുന്നുവെന്നുള്ളതും ഇപ്പോൾ ലോകത്തിൽ എല്ലായിടങ്ങളിലും ക്രിസ്ത്യാനിമാൎഗ്ഗത്തിനെതിരായി ഒരു പുതിയ ശത്രു പ്രാബല്യപ്പെട്ടുവരുന്നു എന്നുള്ളതുമാണു്. ഈ രണ്ടു കാരണങ്ങൾകൊണ്ടു് അവരുടെ ഐക്യം അഭിലഷണീയമെന്നു മാത്രമല്ല, അത്യാവശ്യവുമാക്കിത്തീൎത്തിരിക്കുന്നു.

ഈ പുതിയ ശത്രുവായ കമ്മ്യൂണിസം അല്ലെങ്കിൽ റഷ്യൻ രാഷ്ട്രീയ സൎവ്വാധിപത്യം 1918-ൽ പൂൎവ്വീക റഷ്യൻസഭയെ ആക്രമിച്ചു. ക്രിസ്തീയതത്വങ്ങളോടുള്ള അതിൻെറ ഘോരതരമായ നവീനാക്രമണത്തെ പടിഞ്ഞാറൻ സഭകൾ അത്ര വകവച്ചില്ല. പടിഞ്ഞാറൻ സഭകൾക്കു് കിഴക്കൻ സഭകളോടുള്ള ഗാഢമായ മുൻവിധികൾ നിമിത്തം ആ ആക്രമണം റഷ്യൻസഭയെ മാത്രം തല്ക്കാലത്തേക്കു ബാധിക്കുന്നതാണെന്നും അതിനു് പാശ്ചാത്യസഭകളിന്മേൽ യാതൊരു വ്യാപ്തിയും ഉണ്ടാകുന്നതല്ലെന്നുമുള്ള മിത്ഥ്യാബോധത്താൽ പാശ്ചാത്യസഭകൾ അതിനെ അവഗണിച്ചുകളഞ്ഞു. മാത്രവുമല്ല കിഴക്കൻ സഭകളോടു പാരമ്പൎയ്യമായി നിലനിന്നുവരുന്ന പാശ്ചാത്യസഭകളുടെ ശത്രുത നിമിത്തം റഷ്യൻ സഭയുടെ കഠിനയാതനകളുടെ സമയത്തു് പാശ്ചാത്യ ക്രിസ്ത്യാനികൾ റഷ്യൻ സഭയെ അന്നു് കഠിനമായി കുററപ്പെടുത്തുകയും താന്താങ്ങളുടെ സുസ്ഥിതിയിൽ തൃപ്തിയടയുകയും ചെയ്തു. റഷ്യൻ ക്രിസ്ത്യാനികൾ അവരുടെ സ്വന്തകുററങ്ങളുടെ ഫലംമാത്രം അനുഭവിക്കുകയാണു്. അതിൻെറ കാരണക്കാർ അവർതന്നെയാണെന്നു് പാശ്ചാത്യ ക്രിസ്ത്യാനികൾ വിധിച്ചുകളഞ്ഞു. റഷ്യൻസഭ റോമ്മാപാപ്പായുടെ കീഴിലായിരുന്നുവെങ്കിൽ അവൎക്കു് ഈ കഠിന മതപീഡനം സംഭവിക്കുകയില്ലായിരുന്നുവെന്നു് റോമൻ ക്രിസ്ത്യാനികൾ അഭിപ്രായപ്പെട്ടു. റഷ്യൻസഭ അതിൻെറ മൂഢോപദേശങ്ങളെ ത്യജിച്ചു് നവീകരിക്കപ്പെടേണ്ടിയിരിക്കുന്നു. റോമൻഅധികാരത്തിനു് കീഴ്പ്പെടുകയല്ല വേണ്ടതു്. സഭാനവീകരണം നടത്തിയിരുന്നെങ്കിൽ അവൎക്കു് ഇപ്പോഴത്തെ കഷ്ടതകളിൽനിന്നും രക്ഷപ്പെടാമായിരുന്നുവെന്നു് പ്രോട്ടസ്റ്റൻറു് ക്രിസ്ത്യാനികൾ അഭിപ്രായപ്പെട്ടു. ഇപ്രകാരം പല വൎഷങ്ങളും കഴിഞ്ഞു. റഷ്യയിലെ നാസ്തികമതവും റഷ്യൻ ക്രിസ്ത്യാനികളും തമ്മിലുള്ള സമരങ്ങൾ നടന്നുകൊണ്ടേയിരുന്നു. ഈ പുതിയ ശത്രുവിനെതിരായ റഷ്യൻസഭ നിഷ്ഠയോടെ നടത്തിയ ഘോരസമരം തത്സഭയുടെ അവഗണിക്കപ്പെടുവാൻ പാടില്ലാത്ത ഒരു നല്ല ലക്ഷണമാണെന്നുള്ളതിനെപ്പററി യാതൊരു ചിന്തയും പാശ്ചാത്യസഭയിൽ ഒന്നിൽപോലും ഉണ്ടായില്ല. അതു് ലോകമാകെയുള്ള ക്രിസ്തീയസഭകൾക്കെതിരായി ക്രിസ്ത്വേതരശക്തികളുടെ വികാസത്തിൻെറ പ്രഥമഘട്ടം മാത്രമായിരുന്നുവെന്നും അതു് കാലാന്തരത്തിൽ ആധുനിക നാഗരീകത്വത്തിൻെറ അടിസ്ഥാനംകൂടി മാററുന്നതിനു് ശ്രമിച്ചേക്കുമെന്നും മനസ്സിലാക്കുന്നതിനു് മഹാവിദ്വാന്മാരായ പാശ്ചാത്യ ക്രിസ്ത്യാനികൾക്കുപോലും അന്നു സാധിച്ചില്ല. എന്നാൽ ഈ സത്യം അവരുടെമേൽ ഉദിച്ചതു് ജൎമ്മനിയിലെ ഏററവും പരിഷ്കൃതരായ പ്രോട്ടസ്റ്റൻറു് ക്രിസ്ത്യാനികളും റോമ്മാ സിംഹാസനാധികാരാവകാശങ്ങളെ ശിരസ്സാവഹിക്കുന്ന ഏററവും പ്രബുദ്ധരായ ജൎമ്മൻ കത്തോലിക്കാ ക്രിസ്ത്യാനികളും അനേക വൎഷങ്ങളായി റഷ്യാക്കാർ അനുഭവിച്ചുകൊണ്ടിരുന്ന കഠിനപീഡനങ്ങൾക്കു് വശംവദരായപ്പോൾ മാത്രമാണു്. തങ്ങളുടെ സഭയുടെ നിലയെപ്പററിയുള്ള മിത്ഥ്യാബോധത്തിൻെറ യാഥാൎത്ഥ്യം പാശ്ചാത്യ ക്രിസ്ത്യനികളെ ധരിപ്പിക്കുന്നതിനു് രണ്ടാം ലോകമഹായുദ്ധവും ആവശ്യകമായിത്തീൎന്നു.

റഷ്യൻവിപ്ലവം ക്രിസ്ത്യാനിമാൎഗ്ഗചരിത്രത്തിൽ ഒരു അത്യാപൽഘട്ടമായി വിചാരിക്കപ്പെടേണ്ടതാണു്. അതേവരെ ക്രിസ്ത്യാനിമാൎഗ്ഗത്തിൻെറ അധികാരാവകാശങ്ങളെപ്പററി യൂറോപ്പിൽ യാതൊരു രാജ്യക്കാരും ചോ

ദ്യം ചെയ്തില്ലായിരുന്നു. ക്രിസ്തീയതത്വങ്ങളെ ശത്രുതയോടെ നിരൂപണംചെയ്യുന്ന ചുരുക്കം ചില വ്യക്തികൾ മാത്രമെ അവിടെ ഉണ്ടായിരുന്നുള്ളു. പാശ്ചാത്യജനങ്ങൾ മിക്കവാറും മുഴുവനായി സ്വീകരിക്കുന്ന തത്വങ്ങളെ എതിർക്കുന്നവർ അംഗുലപരിമിതങ്ങളും വെറും മത്സരബുദ്ധികളും മാത്രമായിരുന്നു. തന്നിമിത്തം യൂറോപ്പിൽ തങ്ങൾ നേടിയിട്ടുള്ള ക്രിസ്തീയമേധാവിത്വം ശാശ്വതവും സുരക്ഷിതവുമാണെന്ന് അവർ വിശ്വസിച്ചു. യൂറോപ്പിലെ ക്രിസ്ത്യാനികൾ തമ്മിൽ അന്യോന്യം ശത്രുഭാവേന വീക്ഷിച്ച് തുടരെ കലഹിക്കുന്നതിന്റെ ഫലമായി ഒരുകാലത്ത് തങ്ങൾ എല്ലാവരുടേയും വിരോധിയായ ഒരു പൊതുശത്രുവിനെ നേരിടേണ്ടിവന്നേക്കുമെന്ന് യൂറോപ്പിലെ മഹാവിദ്വാന്മാർപോലും തീരെ സംശയിച്ചിരുന്നില്ല. എന്നാൽ യൂറോപ്പിൽ നാസ്തികത്വം ജനിച്ചതോടുകൂടി സംഗതികൾ പാടെ മറിഞ്ഞിരിക്കുന്നു. ദിവ്യവെളിപാടുകൾമൂലം ലഭിക്കപ്പെട്ടവയായ ക്രിസ്തീയമതത്തിന്റെ സത്യങ്ങളെ നിഷേധിക്കുന്ന പ്രാബല്യമേറിയ ഒരു പുതിയ സംഘടന ഇപ്പോൾ പാശ്ചാത്യ നാഗരീകത്വത്തിന്റെ കേന്ദ്രസ്ഥാനങ്ങളിൽതന്നെ ആവിർഭവിച്ചിരിക്കുന്നു. മുൻകാലങ്ങളിൽ ക്രിസ്ത്യാനികളായിരുന്ന ഒരു വലിയ ജനസംഘം തദഭിപ്രായങ്ങളെ അനുകൂലിക്കുകയും ചെയ്യുന്നു. അധോഗതിയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ചില ക്രിസ്തീയ സംഘടനകളുമായി ഒരു തല്ക്കാല ബാന്ധവം കൂടുന്നതിന് പ്രസ്തുത നവീന സംഘടനയായ കമ്മ്യൂണിസ്റ്റുകാർ തയ്യാറാണെങ്കിലും ത

ങ്ങളുടെ സഭയിൽ പൂർണ്ണവിശ്വാസത്തോടുകൂടി ക്രിസ്തീ
മതതത്വങ്ങളെ തീക്ഷ്ണതയോടെ ആദരിക്കുന്ന എ
ക്രിസ്ത്യാനികളേയും ഈ നാസ്തികമതം തന്റെ ബ
ത്രുക്കളായി പരിഗണിക്കുന്നു.

ക്രിസ്തീയസഭകൾ തമ്മിലുള്ള വ്യത്യാസങ്ങൾ
ന്തെല്ലാമായിരുന്നാലും അവർതമ്മിൽ യോജിപ്പുള്ള
നേകം സംഗതികളെ ഗൗനിച്ച് അവർ എല്ലാവരും
സഹകരിച്ച് ക്രിസ്തീയമതത്തിന്റെ നവീന പൊതുശ
വിനെ നിർമ്മൂലം നശിപ്പിക്കേണ്ടിയിരിക്കുന്നു. എന്നാ
ക്രിസ്ത്യാനികൾ തമ്മിലുള്ള വ്യത്യാസങ്ങളെ നിഷേധി
കയും അവ നിസ്സാരങ്ങളെന്നു ഗണിക്കുകയും ചെയ്യുന്ന
ഒരു വലിയ തെററായിരിക്കും. ഐക്യത്തിനും സഹ
ണത്തിനും വിഘ്നങ്ങളായി നില്ക്കുന്ന പല വ്യത്യാസ
ളുണ്ട്. എന്നാൽ എല്ലാ ക്രിസ്ത്യാനികളും ഒരേ ശ
ത്തിന്റെ അവയവങ്ങൾപോലെ ഇരിക്കണമെന്നുള്ള
ദൈവഹിതമാകയാൽ വ്യത്യാസങ്ങളെ ഇല്ലാതാക്കുവാ
നാം കഴിയുന്നത്ര ശ്രമിക്കേണ്ടതാകുന്നു. ഇതിനുവേ
ക്രിസ്തീയജനങ്ങളെ പ്രബോധിപ്പിക്കേണ്ടുന്നതിനും ഉ
വ്യത്യാസങ്ങളെ പർവ്വതീകരിക്കാതെയും അവയുടെ
ററാരോപണത്തിനു ശ്രമിക്കാതെയും, അവയുടെ യഥാ
കാര്യകാരണങ്ങളെ വിവരിക്കുന്നതും അവമൂലമുണ്ടാക
ദോഷങ്ങളെ സഹോദരബുദ്ധ്യാ ചൂണ്ടിക്കാണിക്കുന്നതു
യ ഒരു സാഹിത്യസംഹിതി ഉണ്ടാക്കപ്പെടുകയാണ്
വശ്യമായിട്ടുള്ളത്.

ബാലപംക്തി.

കടങ്കഥകൾ.

1) ജീവനുള്ളവനെ ജീവനുള്ള കബറിൽ അടക്കി. യോനാ മത്സ്യത്തിന്റെ ഉള്ളിൽ വസിച്ചതു്. 2) മലയാള വേദപുസ്തകത്തിൽ ഏററവും ചെറിയ വാക്യം. മോഷ്ടിക്കരുതു്. പുറ: 20: 15 [അഞ്ചക്ഷരംമാത്രമെ വാക്യത്തിനുള്ളു]. By മി: എം. കെ. കോരതു്, റാക്കാട്ടു്.

പുതിയ കടങ്കഥ:— ശരിയായ ഉത്തരം എഴുതി അയക്കുന്നവരുടെ പേർ പ്രസിദ്ധം ചെയ്യും. 123 കർക്കിടകം 20-ാംനു-ക്കുള്ളിൽ ഉത്തരം കിട്ടിയാലെ പേർ പ്രസിദ്ധമാക്കയുള്ളൂ. (ഉത്തരം പത്രാധിപക്കു് അയക്കണം.)

എന്നെ ഉല്പത്തിപുസ്തകത്തിൽ കാണാം. എന്റെ
പേരിനു് എട്ടക്ഷരങ്ങൾ ഉണ്ടു്. അഞ്ചും ആറും
മ്പോൾ 'കടിക്കും'—ഒന്നും നാലും കൂടിയാൽ വേർനിക്കും—
വസാനത്തെ നാലു കൂടിയാൽ നാടു പിടിക്കും. എ
എന്റെ ഭവനം കുററക്കാരുടെ സങ്കേതമത്രെ. ഇനി
ന്റെ പേർ പറയാമൊ? എത്രാം അദ്ധ്യായം—എ
വാക്യം? (ചോദ്യകർത്താവു് M. G. M.).

സമ്മാനമത്സരം.

ചോദ്യം 6:— അന്ത്യോഖ്യാസിംഹാസനത്തി
ന്നാമത്തെ പാത്രിയർക്കീസ് (അതായതു് പ്രധാന

ട്ടക്കാരൻ) ആരു്? അദ്ദേഹം ഏതു നഗരത്തിൽ ജനിച്ചു? ഉത്തരം 123 കർക്കിടകം 30-ാംനു-ക്കുള്ളിൽ 1 ചക്രം സ്റ്റാമ്പോടുകൂടെ പത്രാധിപക്കു് അയച്ചുകൊടുക്കണം. ചിലർ സ്റ്റാമ്പില്ലാതെ ഉത്തരം അയക്കുന്നു. അതു് പരിഗണിക്കുന്നതല്ല. മേൽവിലാസവും വേണം.

3-ാം ചോദ്യത്തിനു് ശരിയായ ഉത്തരം തന്നവരുടെ പേരുവിവരം:— 1) വി. സി. ചാണ്ടി, ആലപ്പുഴ; 2) എ. വി. ചിന്നു, മഞ്ഞപ്ര; 3) ചാക്കൊ എം., തടത്തുങ്കൽ മെഴുവേലി; 4) ജോസഫ് പുന്നൂസ്, കല്ലുങ്കത്ര; 5) വി. എം. ജോർജ്ജ്, മുളന്തുരുത്തി; 5) എം. കെ. വറുഗീസ്, കോതമംഗലം; 7) സി. എ. പാണ്ടിക്കുഞ്ഞു്, ചിങ്ങവനം; 8) വർക്കി കുര്യാക്കോസ്, മണ്ണൂർ; 9) ജോർജ്ജ് വറുഗീസ്, കുമരകം; 10) കെ. കെ. മക്കോസ്, ചിങ്ങവനം.

ശരിയായ ഉത്തരം നൽകാത്തവർ:— 1) ററി. വി. ഏലിയാമ്മ, 2) തങ്കമ്മ കോശി, 3) കെ. ജെ. അബ്രഹാം, 4) ടി. സി. ജേക്കബ്ബ്തരകൻ, 5) ടി. പി. പാപ്പച്ചൻ, 6) പി. കെ. തങ്കമ്മ, 7) പി. എസ്. സാറ.

3-ാം ചോദ്യത്തിന്റെ ശരിയായ ഉത്തരം:—

"ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു." യോഹ: 17: 3.

കുട്ടികൾക്കു് ചിരിക്കുവാൻ

മറിയക്കുട്ടി:- "അമ്മേ! ഇന്നു് എന്റെ ക്ലാസിൽ ഒരു കുട്ടിയുടെ പെൻസിൽ, നമ്മുടെ ഉലക്കയുടെ വലിപ്പം ഉള്ളതായിരുന്നു."

അമ്മ:- "ഇങ്ങനെ അതിശയോക്തി പറയരുതെന്നു് ലക്ഷോപലക്ഷം പ്രാവശ്യം ഞാൻ നിന്നോടു് പറഞ്ഞിട്ടില്ലെ?"

*   *   *   *   *   *

സിമിററരിയിൽ കുഴിക്കുന്നവൻ:- "ഈ പൊങ്ങിവരുന്ന തലയോടു് സ്ത്രീയുടേയൊ പുരുഷന്റേയൊ?"

കൂട്ടുകാരൻ:- "സ്ത്രീയുടേതാണു്. വാ തുറന്നിരിക്കുന്നതു കണ്ടില്ലെ?"

അവിടെ നിന്നിരുന്ന സ്ത്രീ:- "അല്ല! അവിടെ പണ്ടു് ഒരു മൂത്തപ്പനെ കുഴിച്ചിട്ടതു് ഞാൻ കണ്ടതാണു്. അയാൾ വലിയ കുടിയനായിരുന്നു."

*   *   *   *   *   *

കറിയിൽ ഈച്ചയെ കണ്ട ഉണ്ണുന്ന ആൾ:- "എടോ ഹോട്ടൽക്കാരാ! ഇതെന്താണു്? ഞങ്ങൾ ഇതു തിന്നുന്നതെങ്ങനെ?"

ഹോട്ടൽക്കാരൻ:- "സർ, വഴക്കു കൂട്ടണ്ട. അതു് തേനീച്ചയിട്ടു് കടു വറുത്തിരിക്കുന്ന സ്പെഷ്യൽ കറിയാണു്. നിങ്ങൾക്കതു വേണ്ടെങ്കിൽ ഇതാ സാധാരണ കറി ഇപ്പോൾതന്നെ മാറി തരാം."

അനുഗമിക്കട്ടെ.

(ഗാഥ)

(ഫാദർ ചെമ്മണ്ണൂർ, ചേലക്കര.)

ഒക്കാനും പാരിൽ പരമാനന്ദത്തിന്റെ
പിന്നോട്ടം മർത്ത്യനെത്തുന്നതെങ്ങോ?
ലഭ്യമായീടുമൊ ശാശ്വതസൗഭാഗ്യ—
ത്തിന്നണപോലുമീ മായവീട്ടിൽ?
ഇന്നു നാം കാണുന്ന മോഹനപ്പൂവണ്ടോ
എന്നുമവിടെതാൻ നിന്നീടുന്നു?
ഇല്ലില്ലതുനാളെ വീണപോം നിശ്ചയം—
മെല്ലാം ചിതൽ ഭക്ഷ്യമാകുകില്ലെ?
എങ്കിലും ജീവിതപ്പൂങ്കാവനത്തിലെ
തങ്കക്കിനാക്കളാൽ ലോകമൊരു
ശാശ്വതസങ്കേതസ്ഥാനമായെണ്ണിക്കാം—
ണ്ടാശ്വസിക്കുന്നോയെൻ സോദരാ നീ?

"വേണ്ടായെനിക്കാരുമാവശ്യമില്ലിഹ
വേണ്ടുവോളം ധനമുണ്ടെനിക്കു്
ഒന്നുമെ ലഭ്യമാകാതില്ലെൻ ശക്തിയും
ബുദ്ധിയുംകൊണ്ടു ഞാൻ ജീവിച്ചീടും."

ഓക്കാൻ നിനക്കിത്ഥം സാദ്ധ്യമോ മാനുഷ?
ആർക്കാണീ സമ്പാദ്യം ജീവൻ പോയാൽ?
എന്തു പ്രയോജനം ചെയ്യുന്നു വിത്തത്താൽ?
എന്തു നിൻ യാത്രയിൽ കൊണ്ടുപോകാം?

ശാശ്വത സങ്കേത സ്ഥാനമല്ലീ ജഗ—
ത്തീശ്വര സന്നിധിയാണു ലക്ഷ്യം.
ലൗകിക സമ്പാദ്യം സ്ഥാനം മാനമിവ—
യ്ക്കൊന്നുമേയങ്ങെത്താൻ സാദ്ധ്യമല്ല.
പോരുമവർ തവ മൃത്യുനേരംവരെ
ഗാത്രം പൊടിമണ്ണിൽ ചേരുംവരെ
എന്നാലോ നിത്യം പിരിയാതെ പിന്തുട—
ർന്നീടുന്ന സമ്പാദ്യം സമ്പാദിക്കു!

"എന്നെ സ്നേഹിക്കുന്നോൻ താവകം ക്രൂശെടു-
ത്തെന്നെയനുഗമിക്കട്ടെ പാരിൽ."

സണ്ടേസ്ക്കൂൾ വാർഷികത്തിൻ ബാലികമാരെക്കൊണ്ട് ആക്ട്ചെയ്യിച്ചു പാടിക്കുവാൻ.

എന്നുമതിരാവിലെതൻ ഉണർന്നീടുമേ
കുഞ്ഞുബാലികമാരായിടും ഞങ്ങൾ
ഭക്തിയോടെ ഈശോനാമം സ്തുതിച്ചീടുമേ
കുഞ്ഞുബാലിക....................
താതമാതാ നിത്യം കൃത്യം നമിച്ചീടുമേ
കുഞ്ഞുബാലിക....................
ദന്തശുദ്ധി, ദേഹശുദ്ധി മോദമായ് ചെയ്യും
കുഞ്ഞുബാലിക....................
ക്രാപ്പുചീകി സ്ലൈഡുകുത്തി മോടിയായി ചെയ്യും
കുഞ്ഞുബാലിക....................
പുള്ളിബ്ലൗസും പാവാടയും ഷോക്കിലണിയും
കുഞ്ഞുബാലിക....................
പാഠമൊക്കെ പഠിച്ചങ്ങു വരുത്തിക്കൊണ്ട്
കുഞ്ഞുബാലിക....................

അമ്മേ! അമ്മേ! വിളിച്ചുടൻ വിശപ്പടക്കി
കുഞ്ഞുബാലിക....................
ക്രിസ്തുനാമകീർത്തനവും പാട്ടുബുക്കുമായി
കുഞ്ഞുബാലിക....................
ഓടിഓടിപോകുമല്ലോ സണ്ടേസ്കൂളിന്
കുഞ്ഞുബാലിക....................
വന്ദ്യന്മാരെ കാണുംനേരം സലാം ചെയ്തീടും
കുഞ്ഞുബാലിക....................
വരിവിട്ടു കണ്ടമാനം നടക്കയില്ല
കുഞ്ഞുബാലിക....................
കള്ളമൊരുതെല്ലുപോലും ചൊല്ലുകയില്ല
കുഞ്ഞുബാലിക....................
മാന്യമഹാജനങ്ങളെ! അനുഗ്രഹിപ്പിൻ
ഞങ്ങൾപോയിടട്ടെ വന്ദനംചെയ്തു്.

ചോദ്യോത്തരപംക്തി.

(വി. എം. എബ്രഹാം.)

(1) വഴിയും സത്യവും ജീവനും ഞാൻതന്നെ ആകുന്നു. എന്നിൽക്കൂടിയല്ലാതെ ഒരുവനും പിതാവിന്റെ അടുക്കൽ എത്തുകയില്ല. വി: യോഹന്നാൻ 14: 6– എന്ന വേദവാക്യമനുസരിച്ച് മാമ്മോദീസാ നിത്യരക്ഷക്ക് അത്യാവശ്യമായിരിക്കെ അക്രൈസ്തവരായി ജീവിച്ച് മരിക്കുന്നവർ രക്ഷപ്രാപിക്കുമോ?

ഉത്തരം:— രക്ഷ ദൈവത്തിന്റെ ദാനമാകുന്നു. അതു് ക്രിസ്തുവിലാണ്. അതിനാൽ ക്രിസ്തുവിനെ കൈക്കൊള്ളാതെ ക്രിസ്തു വാഗ്ദത്തം ചെയ്തിട്ടുള്ള രക്ഷ ലഭിക്കയില്ല. മാമ്മോദീസായിൽ നാം ക്രിസ്തുവിനെ കൈക്കൊള്ളുന്നു. എന്നാൽ മാമ്മോദീസാ സ്വീകരിപ്പാൻ തന്റെ സ്വന്തകുററം കൊണ്ടല്ലാതെ ഒരുവന് സാധിക്കാതെവന്നാൽ അവന് ക്രിസ്തുവിനെ സ്വീകരിപ്പാൻ മററു മാർഗ്ഗം ഉണ്ടാക്കികൊടുക്കുവാൻ ദൈവത്തിന് അസാദ്ധ്യമാണെന്ന് ദൈവത്തെ നമുക്ക് നിയന്ത്രിച്ചുകൂടാ. വലത്തുഭാഗത്തെ കള്ളൻ ഒരു ഒഴികഴിവായി കാണപ്പെട്ടുന്നുണ്ടല്ലോ. ആശയുടെ മാമ്മോദീസാ, ക്രിസ്തുവിനെ വിശ്വസിച്ചിട്ട് മാമ്മോദീസാ മുങ്ങുവാൻ സാധിക്കാതെ രക്തസാക്ഷികളായി മരിച്ചുപോയവരുടെ രക്തത്തിലെ മാമ്മോദീസാ എന്നിവയേയും നാം ഗൗനിക്കേണ്ടതാണ്. ഇതോടുചേർന്ന് റോമ: 2: 14–15 വരെ 1 പത്രോ. 4: 6–ം വായിച്ചുനോക്കുക. (പത്രാധിപർ)

(2) യഥാർത്ഥ ക്രിസ്ത്യാനിയുടെ ചില പ്രധാന ലക്ഷണങ്ങൾ ഏവ?

ക്രിസ്തുവിൽ വസിച്ചുകൊണ്ട് (യോഹ: 15: 4) ഗലാ. 5: 22—23ലെ വി: ആത്മാവിൻ ഫലത്തെ കായ്ക്കുന്നു. (പത്രാധിപർ)

(3) കുറുനരികൾക്ക് അളകളും ആകാശത്തിലെ പക്ഷികൾക്ക് കൂടുകളും ഉണ്ട്. എന്നാൽ മനുഷ്യപുത്രനാകട്ടെ തല ചായിപ്പാൻ സ്ഥലമില്ല. (വി: മത്താ-യി: 8: 20.) ഈ വാക്യത്തിന്റെ വ്യാഖ്യാനമെന്ത്?

മലങ്കരയുടെ ബ: കോനാട്ട് മല്പാനച്ചൻ ... ഭാഷപ്പെടുത്തിയ ഒരു വ്യാഖ്യാനം താഴെ ചേർക്കുന്നു. കുറുനരികളാകുന്ന പിശാചുക്കൾക്കും പക്ഷിയാകുന്ന ... ഗ്രഹത്തിനും നിന്നിൽ സ്ഥലമുണ്ടെന്നും എനിക്ക് ... നെ നിന്നിൽ സ്ഥലമില്ലെന്നും ആകുന്നു. ... ഖ്യാനം 'എന്നെ അനുഗമിക്കുന്നവൻ എന്നോടൊപ്പം ... വേറൊരു ...

പരേതനായ ദിവ്യശ്രീ

ആലിയാട്ടുകുടി പാനികളങ്ങര പൗലൂസ് കശ്ശീശ്ശാ.

ജനനം: 1042 കർക്കിടകം 4 — മരണം: 1119 കുംഭം 5.

കാലംചെയ്ത ദിവ്യശ്രീ ഗീവറുഗീസ് മാർ ക്രിലോസ് മെത്രാപ്പോലീത്തായിൽനിന്ന് ശെമ്മാശ്ശ്പട്ടം സ്വീകരിച്ച് അദ്ദേഹത്തിന്റെ കൂടെത്തന്നെ താമസിച്ചു പഠിച്ചു. അദ്ദേഹത്തിൽനിന്നുതന്നെ കശ്ശീശ്ശസ്ഥാനം കൈക്കൊണ്ടു. 40-ൽപരം സംവത്സരം വേങ്ങൂർപള്ളി പ്രശസ്തമായി ഭരിച്ചു. ടി. പള്ളിമുറി, കാഞ്ഞ്യേലിപള്ളി ഇവകൾ പണികഴിപ്പിച്ചു. വേങ്ങൂർ, മുടക്കുഴ എന്നീ പ്രൈമറിസ്കൂളുകൾ പണികഴിപ്പിച്ച് അവയുടെ മാനേജരായി വളരെക്കാലം ഭരിച്ചു. ഇപ്പോഴത്തെ വേങ്ങൂർ എം. കെ. എം. ഇംഗ്ലീഷ് മിഡിൽസ്കൂൾ സ്ഥാപനത്തിൽ പങ്കുകൊണ്ട് മരണംവരെ അതിന്റെ മാനേജരായിരുന്നു. ഇദ്ദേഹം നി. വ. ദി. ശ്രീ. പൌലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ സതീർത്ഥ്യനായിരുന്നു. പൊതുകാര്യങ്ങളിൽ ഇടപെട്ട് നിസ്വാർത്ഥമായ സേവനം അനുഷ്ഠിച്ച് 77-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു.

പരേതനായ ദിവ്യശ്രീ പുലിക്കോട്ടിൽ സൈമൺ കത്തനാർ അഥവാ

ആലുവാ സിമ്മനാരിയിലെ ബ: ചുമ്മാരച്ചൻ.

ജനനം: 1062 കുംഭം 17-ാംനു — മരണം: 1122 മകരം 29-ാംനു.

1077 ധനു 21-ാംനു നി. വ. ദി. ശ്രീ. പുലിക്കോട്ടു് യൌസേഫ് മാർ ദീവന്നാസ്യോസ്സ് മെത്രാപ്പോലീത്തായിൽനിന്നു് കോറൂയൊപട്ടം വാങ്ങി.

1098 ധനു 18-ാംനു നി. വ. ദി. ശ്രീ. പൗലൂസ് മാർ അത്താനാസ്യോസ്സ് മെത്രാപ്പോലീത്തായിൽനിന്നു് കശ്ശീശ്ശാപട്ടം സ്വീകരിച്ചു.

മുപ്പതു സംവത്സരം ആലുവാ സിമ്മനാരിയിൽ താമസിച്ചു് നി. വ. ദി. ശ്രീ. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ യെ ശുശ്രൂഷിച്ചു് സിമ്മനാരി മാനേജരായി ജീവിച്ചു. ശാന്തമായ ഒരു ഭക്തിജീവിതം നയിച്ച ഭക്തനായ ഒരു പട്ടക്കാരനായിരുന്നു ബ: ചുമ്മാരച്ചൻ.

പുലിക്കോട്ടു കുടുംബത്തിലെ ഒട്ടുവിലത്തെ വൈദീകൻ ബ: ചുമ്മാരച്ചനാണു്.

വനമില്ലാതെ ത്യാഗജീവിതം നയിപ്പാൻ ഒരുങ്ങിയിരിക്കണം, എന്നത്രെ.

(4) പള്ളിയകത്തുവച്ചു് സൺഡെസ്കൂൾ നടത്തുവാൻ വി: സഭ അനുവദിക്കുമൊ?

ഉത്തരം:— ആ പള്ളിയെ ഭരിക്കുന്ന മെത്രാപ്പോലീത്തായുടെ കല്പനപ്രകാരം ഈ സംഗതിയിൽ പ്രവർത്തിക്കാവുന്നതാണു്. വി: മൂറോൻ പൂശി കൂദാശചെയ്ത പള്ളിയും അപ്രകാരം ചെയ്യാതെ ഉപയോഗത്തിലിരിക്കുന്ന പള്ളിയും തമ്മിൽ അല്പം വ്യത്യാസം പരിഗണിക്കാറുണ്ടു്. (പത്രാധിപർ)

കന്യകമറിയാമിനു് യേശുക്രിസ്തു അല്ലാതെ പുത്രന്മാരൊ പുത്രിമാരൊ ഉണ്ടായിരുന്നൊ? ഉണ്ടായിരുന്നെങ്കിൽ ആരെല്ലാം?

ഉത്തരം:— ഉണ്ടായിരുന്നില്ല. അതുകൊണ്ടാണു് ഇപ്പോഴും 'വി: കന്യക' എന്ന പദം ചേർത്തു് വി: മാതാവിനെ വിളിക്കുന്നതു്. ചില പ്രോട്ടസ്റ്റൻറുകാർ അവൾ വീണ്ടും പ്രസവിച്ചു എന്നും പറയാറുണ്ടു്. അതിനു് തെളിവില്ല.

ക്യംതാപള്ളി.

നമ്മുടെ കർത്താവിന്റെ രക്ഷണ്യമായ കബർ.

(M. G. M.)

യരുശലേം കോട്ടക്കകത്തു് സ്ഥിതിചെയ്യുന്ന ചരിത്രപ്രസിദ്ധങ്ങളായ പല സ്ഥാപനങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതു് ക്യംതാപള്ളിയാകുന്നു. പഴയ യരുശലേം എന്ന പേരിൽ അറിയപ്പെടുന്ന കോട്ടയ്ക്കകം ഉദ്ദേശം മൂന്നുമൈൽ സമചതുരമുള്ള ഒരു കുന്നാണു്. ജനനിബിഡമായിരിക്കുന്ന ഈ യരുശലേം പട്ടണത്തിന്റെ മദ്ധ്യത്തിലാണു് കർത്താവിന്റെ രക്ഷണ്യമായ കബർ സ്ഥിതിചെയ്യുന്നതു്. നമ്മുടെ കർത്താവിനെ തലയോടിടം എന്നു പറയപ്പെടുന്ന ഗോഗുൽത്താ മലയിൽവച്ചു് കുരിശിൽ തറച്ചുവെന്നും അവിടെ ഉണ്ടായിരുന്ന തോട്ടത്തിലെ ഒരു പുതിയ കബറിൽ സംസ്കരിച്ചുവെന്നും കുരിശുകൾ അവിടെതന്നെ കുഴിച്ചുമൂടിയെന്നും പറയപ്പെടുന്നു. ഈ അതിപ്രധാനങ്ങളായ മൂന്നു സംഭവസ്ഥലങ്ങളേയും അകത്താക്കി പണി കഴിപ്പിക്കപ്പെട്ടിരിക്കുന്ന അതി മനോഹരമായ ഒരു വലിയ പള്ളിയാണു് ക്യംതാപള്ളി. ഹേലനിരാജ്ഞി ആദ്യമായി ഇവിടെ പള്ളി പണിയിച്ചു. അതിനെ തുടന്നു് കുസ്തന്തീനോസ് രാജാവു് അതികമനീയമായ ക്യംതാപള്ളിയുടെ പണിക്കുറവു് തീർത്തു. പിൻതലമുറകളിൽ യരുശലേംപട്ടണം പല പ്രാവശ്യം നശിപ്പിക്കപ്പെട്ടപ്പോഴെല്ലാം ക്യംതാപള്ളിയും നശിപ്പിക്കപ്പെട്ടിട്ടുണ്ടു്. എങ്കിലും വിശ്വാസികൾ അതു പുതുക്കി പണിയുകയും അതിന്റെ വിശുദ്ധിയെ സംരക്ഷിച്ചുപോരുകയും ചെയ്തു.

ഉദ്ദേശം രണ്ടേക്കറിൽ കൂടുതൽ സ്ഥലത്തു് സ്ഥിതിചെയ്യുന്ന ഇന്നത്തെ ക്യംതാപള്ളിയുടെ ചുററുപാടുമുണ്ടായിരുന്ന വിസ്തീർണ്ണമേറിയ എടുപ്പുകൾ നശിപ്പിക്കപ്പെട്ടുപോയി. ഈ പള്ളി ഇപ്പോൾ തെക്കുവശത്തേക്കു് അഭിമുഖമായി നില്ക്കുന്നു. മുൻവശത്തെ രണ്ടു് വലിയ ആനവാതിലുകളിൽ ഒന്നു് കല്ലുകെട്ടി അടച്ചിട്ടിരിക്കുകയാണു്. വൃത്താകാരത്തിൽ പണി കഴിച്ചിരിക്കുന്ന ഈ ദേവാലയത്തിന്റെ മേൽഭാഗം അതി കമനീയമായ ഒരു മകുടമുണ്ടു്. പഴക്കംകൊണ്ടു് കേടുപാടുകൾ വന്നിട്ടുള്ള ഭിത്തികൾക്കു് ഇരുമ്പു പാളങ്ങൾ കൊണ്ടും മരംകൊണ്ടും ചട്ടം കൂട്ടി താങ്ങു കൊടുത്തിട്ടുണ്ടു്. ഈ പള്ളി കിഴക്കൻസഭക്കാരുടെ പൂർണ്ണസ്വാതന്ത്ര്യത്തിൽ ഇരിക്കുന്നു. തെക്കുനിന്നും അകത്തേക്കു് കടന്നാൽ ആദ്യം കാണുന്നതു് നിലത്തു കിഴക്കുപടിഞ്ഞാറായി സൂക്ഷിച്ചിരിക്കുന്ന ഒരു പരന്ന പാറയാകുന്നു. ഇതിനു് ഉദ്ദേശം 3 കോൽ നീളവും ഒന്നര കോൽ വീതിയും കാണും. നമ്മുടെ കർത്താവിനെ അരിമത്ഥ്യക്കാരൻ യൌസേപ്പും നീക്കോദീമോസും കൂടി കുരിശിൽനിന്നും ഇറക്കിയതിനുശേഷം ഈ പാറമേൽ കിടത്തി കുളിപ്പിച്ചു് സുഗന്ധവർഗ്ഗങ്ങൾ പൂശി കെത്തോനൊ ശീലയിൽ പൊതിഞ്ഞതായി പാരമ്പര്യം പറയുന്നു. കാഴ്ചയിൽ ഈ പാറ ദ്രവിച്ചു് പൊഴിഞ്ഞുതുടങ്ങീട്ടുണ്ടു്. വിശ്വാസികൾ ഈ പാറമേൽ മുട്ടുകുത്തി പ്രാർത്ഥിച്ചു് അനുഗ്രഹം പ്രാപിച്ചുവരുന്നു.

ഇവിടെനിന്നും ഉദ്ദേശം 25 വാരയോളം കിഴക്കോട്ടു് നടന്നാൽ ഉയന്ന ഒരു സ്ഥലം കാണാം. ഇതു് ഗോഗുൽത്തായാണു്. പത്തുപതിനഞ്ചടി ഉയരമുള്ള ഒരു ഗോവണി കയറി ചെല്ലുമ്പോൾ ഈ കുന്നിന്റെ മുക

ളിൽ എത്തുന്നു. ഈ കുന്നു മുഴുവൻ സ്വർണ്ണം, തങ്കം മുതലായവകൊണ്ട് അലങ്കരിച്ചിരിക്കയാണ്. ഇതിന്റെ മുകൾനിരപ്പ് ഒരു കമനീയമായ പള്ളിയുടെ രീതിയിലാണ്. ഇവിടെ ആരും കുർബ്ബാന ചൊല്ലുന്നില്ല. വടക്കെ അറ്റത്ത് ഒരു ത്രോണോസുണ്ട്. അതിനടിയിലായി സ്വർണ്ണത്തകിടുകൊണ്ട് മൂടിയിട്ടിരിക്കുന്ന ഒരു ദ്വാരം കാണാം. ഇവിടെയാകുന്നു നമ്മുടെ കർത്താവിന്റെ രക്ഷാകരമായ കുരിശ് നാട്ടിയിരുന്നത്. കർത്താവ് കുരിശിൽ തൂങ്ങിക്കിടക്കുന്ന രൂപം കാണിക്കുന്ന ഒരു ആൾവലിപ്പത്തിലുള്ള സ്വർണ്ണതകിട് അവിടെ സ്ഥാപിച്ചിട്ടുണ്ട്. ഇതിനടുത്ത് കന്യക മറിയാം മാറത്തടിച്ചുകൊണ്ട് സങ്കടപ്പെട്ടു നില്ക്കുന്ന ഒരു ചിത്രവുമുണ്ട്. കുരിശിന്റെ ചുവട്ടിൽ കർത്താവിന്റെ പാപപരിഹാരരക്തം വീണപ്പോൾ പാറ രണ്ടായി പൊളിഞ്ഞതായും അതിന്റെ വിടവ് ഒരാൾ താഴ്ചയോളം കീഴ്പ്പോട്ടുള്ളതായും കാണാം. ഇതിനടിയിലാണ് ആദാമിന്റെ തല സ്ഥാപിച്ചിരുന്നതെന്നും അതിനാൽ ആ സ്ഥലത്തിന് തലയോടിടം എന്ന പേർ ലഭിച്ചുവെന്നും വിശ്വസിച്ചുവരുന്നു. കർത്താവിന്റെ കുരിശിൽനിന്നും ഒഴുകിയ തിരുരക്തം കീഴോട്ടൊലിച്ച് ആദാമിന്റെ തല സ്ഥാപിച്ചിരുന്ന കബർവരെ എത്തിയെന്നു പറയപ്പെടുന്നു. നമ്മുടെ ദുഃഖവെള്ളിയാഴ്ചയുടെ ക്രമത്തിന്റെ ഒരു ഭാഗം ഇവിടെവെച്ചാണ് നടത്തുന്നത്. ഈ സ്ഥലത്തിന്റെ ഭംഗി വർണ്ണിക്കുവാൻ സാദ്ധ്യമല്ല. ഓരോ രാജാക്കന്മാരും പ്രഭുക്കന്മാരും ഈ പുണ്യസ്ഥലത്തിന്റെ മോടിക്കുവേണ്ടി ലക്ഷക്കണക്കിന് പവൻ ചിലവുചെയ്തിട്ടുണ്ട്. തങ്കത്തിന്റെയും സ്വർണ്ണത്തിന്റെയും വേലയല്ലാതെ അവിടെ മറ്റൊന്നും കാണ്മാനില്ല. രക്ഷാകരമായിരിക്കുന്ന ആ കാൽവറിയിൽ ഞങ്ങൾ നാലു പ്രാവശ്യം പോയി, ഹൃദയപൂർവ്വം പ്രാർത്ഥന നടത്തി. ഈ സ്ഥലം സന്ദർശിക്കുന്നതും ഇവിടെ പ്രാർത്ഥന നടത്തുന്നതും ജീവിതത്തിലെ ഒരു വലിയ നേട്ടമായി കരുതേണ്ടിയിരിക്കുന്നു. അബ്രഹാം ഇസഹാക്കിനെ ബലി കഴിക്കുവാൻ കൊണ്ടുപോയ മോറിയാമലയും ഇതുതന്നെയാകുന്നു. ഇവിടെനിന്നും 50 വാര പടിഞ്ഞാറോട്ട് ക്രൂശിതാപള്ളിയുടെ മദ്ധ്യേക്കൂടി നടന്നാൽ അതികമനീയമായി പണികഴിക്കപ്പെട്ടിട്ടുള്ള ഒരു മുറി കാണാം. ഇതു് ഏകദേശം പള്ളിയുടെ മദ്ധ്യത്തിലായി സ്ഥിതി ചെയ്യുന്നു. സ്വർണ്ണം, തങ്കം, ചായപണികൾ മുതലായവകൊണ്ട് അലങ്കരിച്ചിരിക്കുന്ന ഈ മുറിക്ക് ഉദ്ദേശം 12 അടി നീളവും 6 അടി വീതിയും കാണും. ഇതുതന്നെ കുറുകെ രണ്ടായി തിരിച്ചിരിക്കുന്നു. രണ്ടു മുറിയുടേയും വാതിൽ കിഴക്കോട്ടാണ് വെച്ചിരിക്കുന്നത്. കിഴക്കെ മുറിയുടെ കിഴക്കെ വാതിൽ ഒരാൾക്ക് കുനിഞ്ഞു കടക്കാവുന്ന ഒരു ചെറിയ ആർച്ച് വാതിലാണ്. ഈ വാതിൽ കടന്ന് ഞങ്ങൾ കിഴക്കെ മുറിയിൽ പ്രവേശിച്ചു. ഇതിന്റെ മദ്ധ്യേ കർത്താവ് ഉയർത്തെഴുന്നേറ്റുവെന്ന് മഗ്ദലക്കാരി മറിയത്തോടു പറഞ്ഞ വെള്ളവസ്ത്രം ധരിച്ച മാലാഖ ഇരുന്ന ഒരു വലിയ കല്ല് സ്വർണ്ണത്തിൽ പൊതിഞ്ഞ് മേൽഭാഗം കാണത്തക്കവണ്ണം ചില്ലിട്ട് സൂക്ഷിച്ചിട്ടുണ്ട്. ഈ മുറിതന്നെ മുഴുവൻ പൊൻ വെള്ളി വിളക്കുകൾ തൂക്കി അലങ്കരിച്ചിരിക്കുന്നു. അവിടവിടെ മെഴുകുതിരികളും കത്തിച്ചുവെച്ചിട്ടുണ്ട്.

ഇതിൽനിന്നും പടിഞ്ഞാറെ മുറിയിലേക്ക് ഒരു ചെറിയ വളഞ്ഞ വാതിലുണ്ട്. അതിൽക്കൂടി ഞങ്ങൾ അകത്തു കടന്നു. ഈ മുറിക്ക് ഉദ്ദേശം ആറടി സമചതുരം കാണും. ഇതിന്റെ വടക്കെ അരികിൽ ഭിത്തിയോടു ചേർന്ന് കിഴക്കുപടിഞ്ഞാറായി നമ്മുടെ കർത്താവിന്റെ രക്ഷാകരമായ കബർ കാണാം. നീളമുള്ള ഈ കബറിന്റെ മുകളിൽ മൂന്നു മാർബ്ബിൾ പലകകൾ ഇട്ടിട്ടുണ്ട്. ഉദ്ദേശം രണ്ടടി മാത്രം പൊക്കമുള്ള കർത്താവിന്റെ പുണ്യമുണ്ടാക്കുന്ന ഈ കബറിന്നരികിൽ വിശ്വാസികൾ മുട്ടുകുത്തി പ്രാർത്ഥിക്കുക പതിവാണ്. ഞങ്ങൾ അവിടെ മുട്ടുകുത്തി ഹൃദയപൂർവ്വം പ്രാർത്ഥന നടത്തി. ആണ്ടുതോറും ദുഃഖശനിയാഴ്ച പുത്തൻതീയ്യ് ലഭിക്കുന്നത് ഈ കബറിൽനിന്നാകുന്നു. കർത്താവിന്റെ ഈ പരിശുദ്ധ കബർ നോക്കിക്കൊണ്ടും ചുംബിച്ചുകൊണ്ടും രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് അവിടെ നടന്ന അത്ഭുതവ്യാപാരങ്ങളെപ്പറ്റി ഹൃദയവ്യഥയോടെ ചിന്തിച്ചുകൊണ്ട് ഞങ്ങൾ കുറെ അധികം സമയം അവിടെ കഴിച്ചുകൂട്ടി. ഇങ്ങനെ നാലു പ്രാവശ്യം ഞങ്ങൾ ഈ സ്ഥലം സന്ദർശിച്ചു.

കബറിനോടു ചേർന്ന് വടക്കെ ഭിത്തിയിൽ സ്വർണ്ണതകിടിൽ രണ്ടുമൂന്ന് സ്വർഗ്ഗാരോഹണചിത്രങ്ങൾ [illegible] ക്ഷിച്ചിട്ടുണ്ട്. തീർത്ഥാടനക്കാർക്കും മററും നേർച്ചയിടുന്നതിന് പടിഞ്ഞാറെ ഭിത്തിയിൽ ഒരു വെള്ളിത്തളിക [illegible] വെച്ചിരിക്കുന്നു. യൌനായക്കാരനായ ഒരു സന്ന്യാസി കബറിന്റെ കാവൽക്കാരനായി എപ്പോഴും അവിടെ ഉണ്ടായിരിക്കും. 50-ന മേൽ സ്വർണ്ണവിളക്കുകൾ ആ ചെറിയ മുറിയിൽ തൂക്കിയിട്ടുണ്ട്. കബറിന്റെ മൂന്നു വശത്തും സദാ മെഴുകുതിരികൾ കത്തി എരിഞ്ഞുകൊണ്ടിരിക്കുന്നു. ഇതു് കണ്ടപ്പോൾ നീതിയിൻ സൂര്യനായ നമ്മുടെ കർത്താവിന്റെ മുമ്പാകെ ഇവ എന്തുള്ളുവെന്ന് തോന്നിപ്പോയി. വിശ്വാസികൾ പുറത്തുനിന്നും കുരിശുകൾ, കുന്തുരുക്കം, സൈത്തിന്റെ കൊമ്പുകൾ മുതലായവ വാങ്ങിക്കൊണ്ടുവന്ന് അനുഗ്രഹത്തിനായി കബറിങ്കൽ വച്ച് പ്രാർത്ഥിച്ചതിനുശേഷം എടുത്തുകൊണ്ട് പോകാറുണ്ട്.

പ. കബർമുറിയുടെ ചുററും ഉദ്ദേശം 20 അടി വിസ്താരമുള്ള ഒരു മുററമുണ്ട്. പെരുന്നാളുകളിൽ പ്രദക്ഷിണം നടത്തുന്നത് ഇവിടെയാണ്. വടക്കെ മുററം സുറിയാനിക്കാരായ നമ്മുടെ അവകാശത്തിൽ പെട്ടതാണ്. പ്രദിക്ഷണസമയത്ത് എല്ലാ കിഴക്കൻസഭക്കാരും അവനവന്റെ സ്ഥലങ്ങളിൽ നില്ക്കണം. കർത്താവിന്റെ കബർമുറിയിൽ കുർബ്ബാന ചൊല്ലുവാൻ ആർക്കും അനുവാദമില്ല. അതു് പൊതുവായി എല്ലാവർക്കും ഒന്നുപോലെ അവകാശപ്പെട്ട ധ്യാനകേന്ദ്രമാകുന്നു. അവിടെ വരുന്ന പണം യൌനായ പാത്രിയർക്കീസാണ് എടുത്തുവരുന്നതു്. അതിനാൽ തീർത്ഥയാത്രക്കാർ ആരും തന്നെ കബറിങ്കൽ കാര്യമായി നേർച്ചയിടാറില്ല. ക്രൂശിതാപള്ളിയിൽ കബറിന്റെ ചുററുമുള്ള മുററത്തിനു പുറത്ത് എല്ലാ കിഴക്കൻസഭക്കാർക്കും പ്രത്യേകം പള്ളികളുണ്ട്. അവിടെയാണ് ഓരോ സഭക്കാരും നേർച്ചയിടാറുള്ളത്. നമ്മുടെ പള്ളി കബറിന് നേരെ പടിഞ്ഞാറുവശത്തെ മുററത്തിനു പുറത്താണ് സ്ഥിതിചെയ്യുന്നത്. ഈ പള്ളിയുടെ ത്രോണോസ് പ: കബറിന് അഭിമുഖമായിരിക്കുന്നു. ഇതു് താഴെയും മുകളിലും രണ്ടു മുറികൾ വീതം ഉള്ള ഒരു രണ്ടുനില കെട്ടിടമാണ്. നമ്മുടെ ഈ പള്ളിയുടെ തെക്കെ ഭിത്തിയോടു ചേർന്ന് അരിമത്ത്യാക്കാരൻ യൌസേപ്പിന്റെയും നിക്കോദിമോസിന്റെയും ഒരു ഗുഹയും അതിൽ പാറയിൽ വെട്ടിയ മൂന്നു കല്ലറകളും കാണുന്നുണ്ട്. ഈ കല്ലറയിലായിരിക്കണം ഒരു പക്ഷെ കർത്താവിനെ സംസ്കരിച്ചതെന്നും അഭിപ്രായമുണ്ടായിവരുന്നുണ്ട്. ഈ ഗുഹയിൽ ആദിമകാലംമുതൽ കെടാവിളക്കു കത്തിച്ചിരുന്ന ഒരു പഴയ പതിവ് ഇന്നും നിലവിലിരിക്കുന്നു. നമ്മുടെ പള്ളിയെപ്പോലെ തന്നെ കബർമുറിയുടെ മുററത്തിനു പുറത്തായി വടക്കുവശത്തും കിഴക്കുവശത്തും കിഴക്കൻ സഭയിലെ ഓരോ വിഭാഗത്തിനും പള്ളികൾ ഉണ്ട്. ഇതിൽ കിഴക്കുവശത്തുള്ള യൌനായരുടെ പള്ളിയാണ് വലിയതും വിശേഷാൽ അലങ്കരിക്കപ്പെട്ടിട്ടുള്ളതും.

വടക്കുഭാഗത്തുള്ള പള്ളികളുടെ പുറകിലായി ക്രൂശിതാപള്ളിയുടെ വടക്കുകിഴക്കെ മൂലയിൽ ഒരു വലിയ കുഴിയുണ്ട്. 40 നടകൾ ഇറങ്ങിയാൽ ഈ കുഴിയുടെ അടിയിൽ എത്താം. കർത്താവിന്റെയും രണ്ടു കള്ളന്മാരുടെയും കുരിശുകൾ യഹൂദന്മാർ ഒളിച്ചുവെച്ചിരുന്നതു് ഈ കുഴിയിലായിരുന്നുവത്രെ. അക്കാലത്ത് ഇവിടെ യരുശലേമിലെ മലിനവസ്തുക്കൾ ഇട്ട് നിറച്ചുപോന്നു. എന്നാൽ 326-ൽ ഹേലനിരാജ്ഞി തന്റെ 79-ാമത്തെ വയസ്സിൽ കർത്താവിന്റെ കുരിശന്വേഷിച്ച് യരുശലേമിൽ വരികയും കുരിശു ഒളിച്ചുവെച്ചിരുന്ന ഈ സ്ഥലം മനസ്സിലാക്കുകയും ചെയ്തു. ഈ മ്ലേഛസ്ഥലം കുഴിക്കുവാൻ ആരും തുനിയാതിരുന്നതിനാൽ ജ്ഞാനിയായ രാജ്ഞി കുറെ സ്വർണ്ണനാണയങ്ങൾ ആ കുഴിയിൽ വാരിയെറിഞ്ഞു. ഉടൻതന്നെ ദ്രവ്യാഗ്രഹികളായ പലരും സ്ഥലം കുഴിക്കുവാൻ തുടങ്ങി. രാജ്ഞി സ്വർണ്ണനാണയങ്ങൾ വാരി വിതറുന്ന ഒരു ചിത്രം ഇന്നും ഈ കുഴിയുടെ കിഴക്കെ ഭിത്തിയിൽ സൂക്ഷിച്ചിരിക്കുന്നു. രാജ്ഞിയുടെ ഒരു ചെറിയ മാർബിൾപ്രതിമ കുഴിയുടെ പടിഞ്ഞാറെ മൂലയിൽ സ്ഥാപിച്ചിട്ടുണ്ട്. കർത്താവിന്റെ കുരിശ് കണ്ടെടുത്ത ആ സ്ഥലം മാർബിൾകൊണ്ട് കെട്ടി അലങ്കരിച്ചിരിക്കുന്നു. ഈ മാർബിളിൽ എപ്പോഴും വെള്ളം പൊടിഞ്ഞുകൊണ്ടിരിക്കുന്നതായി കാണാം. വിശ്വാസികൾ ആ മാർബിളിലെ വെള്ളം എടുത്ത് അനുഗ്രഹത്തിനായി ദേഹത്തിൽ പുരട്ടാറുണ്ട്. കർത്താവിന്റെ കുരിശു കണ്ടെടുക്കുകയും അതുമൂലം അനേകായിരത്തെ ക്രിസ്തുവിലേക്ക് ആകർഷിക്കുകയും ചെയ്ത ഭാഗ്യവതിയായ ആ രാജ്ഞിക്ക് നമ്മുടെ കർത്താവ് വാടാത്ത കിരീടം പ്രദാനം ചെയ്യട്ടെ.

അവിടെനിന്നും എടുക്കപ്പെട്ട കുരിശുകളിൽ കർത്താവിന്റെ കുരിശ് ഒരു മൃതശരീരത്തിൽ വെച്ചപ്പോൾ പുനർജ്ജീവിക്കയാൽ വേർതിരിച്ചെടുക്കപ്പെട്ടുവെന്നും മററുമുള്ള ചരിത്രസംഭവങ്ങൾ അറിവുള്ളതാണല്ലൊ. ഇങ്ങനെ ഒരു പരീക്ഷണം നടത്തുവാൻ ഉപദേശിച്ചതു് യരുശലേമിന്റെ മെത്രാപ്പോലീത്തയായ മക്കാരിയോസ് തിരുമേനിയാണ്. ഹേലനിരാജ്ഞി കുരിശിന്റെ ഒരു വലിയ ഭാഗം അവിടെതന്നെ സ്ഥാപിച്ച് അതിന്മേൽ ഒരു പള്ളിയും പണി കഴിപ്പിച്ചു. കുരിശിന്റെ ബാക്കി ഭാഗം രാജ്ഞി കുസ്തന്തീനോസ് രാജാവിനെ ഏല്പിച്ചുവെന്നും അതു പലർക്കായി വിഭാഗിക്കപ്പെട്ടുവെന്നും ചരിത്രം പറയുന്നു. ഇതിന്റെ ഒരു ചെറിയ അംശം സെഹിയോൻ മാളികയുടെ തെക്കെ ഭിത്തിയിൽ ഇന്നും ആദരവോടെ സൂക്ഷിച്ചിട്ടുണ്ട്.

ക്രൂശിലെ മൂന്ന് ആണികളും രാജ്ഞി എടുത്തുകൊണ്ടുപോയി എന്നും വഴിക്ക് അഡ്രിയാററിക്ക് കടൽ ക്ഷോഭിക്കയാൽ ഒന്ന് ആ കടലിലിട്ട് കടൽക്ഷോഭം

ശമിപ്പിച്ചുവെന്നും മറെറാന്ന്, കസ്തന്തീനോസ് രാജാവിൻെറ കിരീടത്തിൽ വച്ചുവെന്നും മൂന്നാമത്തേതു് മില്ലാനിലെ ഡിയോമൊ എടുത്തുവെന്നും എൻസൈക്ലോപീട്ടിയ ബ്രിട്ടാനിക്ക പറയുന്നു. ഏതായാലും കുരിശു് കണ്ടെടുത്ത കുഴി ഇന്നും ആദരവോടെ സൂക്ഷിച്ചിട്ടുണ്ട്. അതിൻെറ ഭിത്തികളിലെ എല്ലാ കല്ലുകളിന്മേലും "കുരിശുയുദ്ധ"കാലത്തു് കുരിശടയാളം കൊത്തിയിട്ടുള്ളതു് ഇന്നും ഒരലങ്കാരമായി കാണുന്നുണ്ട്. കുരിശു കണ്ടെടുത്ത പെരുന്നാൾദിവസത്തിലെ ശുശ്രൂഷയുടെ ഒരു ഭാഗം നാം ഇവിടെവച്ചു് നടത്തുന്നു.

യൌനായക്കാരുടെ പള്ളിയുടെ വടക്കുവശം അവരുടെ വകയായി സൂക്ഷിച്ചുവരുന്ന ഒരു കാഴ്ചബംഗ്ലാവുണ്ട്. പൂർവ്വീകപിതാക്കന്മാരുടെ തിരുശേഷിപ്പുകളാണ് ഇവിടത്തെ കാഴ്ചവസ്തു. പ. പിതാക്കന്മാരുടെ അസ്ഥികൾ, തലയോടുകൾ, പല്ലുകൾ, പുസ്തകങ്ങൾ, വസ്ത്രങ്ങൾ, നിത്യോപയോഗസാധനങ്ങൾ മുതലായവ ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. അനേകം പിതാക്കന്മാരുടെ നിത്യസ്മരണയെ നിലനിർത്തുവാൻ തക്കവണ്ണം ഈ മ്യൂസിയം അതിമനോഹരമായിരിക്കുന്നു.

കാൽവറികുന്നിനും കർത്താവിൻെറ കബറിനും മദ്ധ്യേ ലോകത്തിൻെറ മദ്ധ്യസ്ഥാനമായി സങ്കല്പിക്കുന്ന ഒരു സിമൻറ്തൂൺ നാട്ടിയിട്ടുണ്ട്. കർത്താവിൻെറ കുരിശുമരണസമയത്തു് ശുദ്ധിമതിയായ കന്യകമറിയാമും യോഹന്നാനും മററു പല വിശുദ്ധസ്ത്രീകളും കരഞ്ഞുകൊണ്ടു് നിന്നിരുന്ന സ്ഥലങ്ങളിൽ ഓരോ ത്രോണോസ്സുകൾ സ്ഥാപിച്ചിട്ടുണ്ട്.

ക്യംതാപള്ളിയുടെ മണിനാദം കർണ്ണാനന്ദകരമായ ഒരു സംഗീതം തന്നെയാണ്. 40-മണികൾ ഒരുമിച്ച് ചില ക്രമീകരണത്തോടുകൂടി അടിക്കുന്നതു കേട്ടാൽ ഏതൊരു ഹൃദയമാണ് ദൈവത്തിങ്കലേക്ക് ഉയരാത്തത്? പള്ളിമണിയടിക്കുന്ന പള്ളികാവൽക്കാരനും താക്കോൽക്കാരനും അവിടെ അടുത്തു താമസിക്കുന്ന ഒരു മഹമ്മദീയനാണ്. പള്ളി കിഴക്കൻസഭയിൽപെട്ട സുറിയാനി, കോപ്റ്ററിക്ക്, ഗ്രീക്ക്, അമ്മേനിയാ എന്നീ സഭക്കാരുടെ പൊതുവകയാകയാലാണ് അവരിൽ ആരെയും താക്കോൽ ഏല്പിക്കാതെ ഒരു മഹമ്മദീയനെ ഏല്പിച്ചിരിക്കുന്നതു്. വലിയ ആൾക്കൂട്ടമുണ്ടാകുന്ന പെരുന്നാൾ ദിവസങ്ങളിലും മററും ക്രമം പാലിക്കുന്നതിനും വഴക്കുകൾ ഉണ്ടാകാതെ സൂക്ഷിക്കുന്നതിനും ആ ദിവസങ്ങളിൽ ഗവർമ്മെൻറ് ഉദ്യോഗസ്ഥന്മാരും പോലീസുകാരും അവിടെ കാവൽ ഉണ്ടായിരിക്കുന്നതാണ്. ക്യംതാപള്ളിക്ക് ഫർലോങ്ങ് തെക്കുവശത്തുള്ള സെഹിയോൻ മാളികയിൽ സ്ഥിരമായി താമസിക്കുന്ന ബ: റമ്പാന്മാരാണ് ക്യംതാപള്ളിയിലെ നമ്മുടെ പള്ളിശുശ്രൂഷകൾ നടത്തിപ്പോരുന്നതു്.

നമ്മുടെ കർത്താവിൻെറ രക്ഷാകരമായ കുരിശുമരണം, കബറടക്കം, ഉയിർപ്പ് മുതലായവ നടന്നിട്ടുള്ള ക്യംതാപള്ളി ക്രിസ്ത്യാനികളുടെ സാക്ഷാൽ ധ്യാനസ്ഥലമാകുന്നു. യഹൂദ-അറബി സംഘട്ടനത്താൽ ഇപ്പോൾ ഈ സ്ഥലത്തിൻെറ ചില ഭാഗങ്ങൾക്ക് കേടുകൾ സംഭവിച്ചതായി അറിവു ലഭിച്ചിരിക്കുന്നു. "എൻെറ ഭവനത്തെ നശിപ്പിക്കുന്നവനെ ഞാൻ നശിപ്പിക്കും" എന്നരുളിച്ചെയ്തവനായ കർത്താവിൻെറ വചനം സത്യമാകുന്നുവെന്ന് അവർ അറിവായിരിക്കട്ടെ. സമാധാനകാലങ്ങളിൽ വിശ്വാസികളിൽ കഴിവുള്ളവർ പരിശുദ്ധനാട്ട് സന്ദർശിച്ച് കർത്താവിൻെറ കബറിങ്കൽനിന്നും അനുഗ്രഹം പ്രാപിക്കുന്നതു് ജീവിതത്തിലെ വലിയ നേട്ടമായിരിക്കും. അതിന് കർത്താവ് നമ്മെ എല്ലാവരേയും യോഗ്യരാക്കി തീർക്കട്ടെ.

ചെറുകഥ.

"മനുഷ്യാ! നീ മണ്ണാകുന്നു."

(തോമസ് മാത്യു, കുമരകം.)

മാണിച്ചേട്ടൻ ഇന്നൊരു ഭാരിച്ച പണക്കാരനാണ്. ശുഷ്ക്കിച്ചിരുന്ന അയാളുടെ പണസഞ്ചിയെ വികസിപ്പിച്ചതു് അയാളുടെ വർദ്ധിച്ച ലുബ്ധായിരുന്നുവെന്നതു് അക്കും അറിയാവുന്ന ഒരു പരമാർത്ഥമാണ്. ചിലപ്പോൾ കോട്ടയത്തു് കച്ചേരിയിലേക്കു പോകുന്ന മാണിച്ചേട്ടൻ, അയാളെ അറിയാവുന്നവർക്കെല്ലാം പലപ്പോഴും ഒരു സംഭാഷണവിഷയമാകാറുണ്ട്. റേഷൻകടയുടെ കാര്യത്തിൻെറ വിഷമമെന്തെന്ന് അറിഞ്ഞുകൂടാത്ത അയാൾ കട കാണുമ്പോൾ കുചേലൻെറ പൊളികടയുടെ കാര്യം ഓർമ്മയിൽ വരാതിരിക്കയില്ല. ഈ പരിഷ്കാരലോകത്തിന് ഇതുവരെയും മാണിച്ചേട്ടനൊരു ഷട്ട് നൽകുവാൻ കഴിഞ്ഞിട്ടില്ല.

പണ്ടു മാണിച്ചേട്ടൻ ഒരു തികഞ്ഞ ഭക്തനായിരുന്നെന്നു കേട്ടിട്ടുണ്ട്. പക്ഷെ ഇന്നതൊക്കെ പോയി. ദ്രവ്യത്തെയും ദൈവത്തെയും ഒരുപോലെ സേവിപ്പാൻ കഴികയില്ലെന്നുള്ളതു് എത്രയോ പരമാർത്ഥം!

മൂത്ത മകളുടെ വിവാഹകാര്യം പലരും ആലോചിക്കാറുണ്ട്. പക്ഷെ തൻെറ മററു രണ്ടാൺസന്താനങ്ങളെപ്പോലെ അവളും ഒരു പുരുഷനായി ജനിക്കാഞ്ഞതിൽ അയാൾ അവളെ പലപ്പോഴും ശപിക്കാറുണ്ട്. അതെ അവർ രണ്ടുപേരും പത്തുരണ്ടായിരം രൂപായുടെ സമ്പാദ്യത്തിനുള്ള മാർഗ്ഗം കാണിച്ചുകൊടുത്തവരാണ്. പക്ഷെ മകളുടെ കാര്യത്തിൽ ആ "സ്ത്രീധനം" പൈശാചികരൂപമായിട്ടാണ് തോന്നിയതു്. അങ്ങനെ പുത്രപരിവർത്തനത്തിനായി പുത്രിയെ നേർച്ചനേന്നു് നിർത്തിയിരിക്കയാണ്.

അന്നൊരിക്കൽ മാണിച്ചേട്ടൻ പള്ളിയിൽ പോയിരുന്നതു കണ്ടു. "മരണം' 'മരണം" എന്നു വിളിച്ചുപറഞ്ഞ ആ മണിനാദം അയാളുടെ ശ്രദ്ധയിലെങ്ങും പെട്ടില്ല. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമെ! നിങ്ങൾ എൻെറ അടുക്കൽ വരുവിൻ" എന്ന അട്ടഹാസത്തോടെ ആ പള്ളിയുടെ അഗ്രത്തിൽ കാണുന്ന കുരിശു് സ്വർഗ്ഗീയ പാതയിലേക്ക് ഒരു ചൂണ്ടുപലകയായി ഉയർന്നുനിന്നു. അതിൻെറ ഇരുവശവും സ്വർഗ്ഗീയഗോവണിയുടെ കൽപടികളായി തോന്നുമായിരുന്നു.

മാണിച്ചേട്ടൻ ജനനിബിഡമായ ആ പള്ളിയുടെ ഒരു കോണിൽ സ്ഥാനം പിടിച്ചു. അയാളറിയാതെതന്നെ ആ വലംകൈ നെഞ്ചോടു ചേർന്ന് എന്തോ അടയാളം കാണിച്ചു. അതെ, അയാളും കുരിശടയാളം വരച്ചതാണ്. പക്ഷെ, അതിനനുവദിച്ച പരിധി അയാളുടെ ഉള്ളപോലെതന്നെ ഇടുങ്ങിയിരുന്നു. ആ പരിശുദ്ധതയുടെ പരിശുദ്ധസ്ഥലത്തേക്കു് അയാളുടെ ദൃഷ്ടികൾ പതിഞ്ഞു.

അലങ്കാരവിഭൂഷിതനായ പുരോഹിതൻ ജ്ഞാനത്തിൻെറ ഗ്രന്ഥം തുറന്നുവച്ചു വായിക്കയാണ്:—

"നശിപ്പിക്കുന്ന ചിതലും പുഴുവും, തുരങ്കംവച്ചു മോഷ്ടിക്കുന്ന കള്ളന്മാരും ഇല്ലാത്ത സ്ഥലത്തു് നിങ്ങൾ നിങ്ങളുടെ ധനത്തെ നിക്ഷേപിപ്പിൻ. ദ്രവ്യത്തെയും ദൈവത്തെയും സേവിപ്പാൻ നിങ്ങൾക്ക് സാധിക്കയില്ല. നിങ്ങൾ എന്തുഭക്ഷിക്കും, എന്തുകുടിക്കും എന്നും സ്വപ്രാണനെക്കുറിച്ചോ, സ്വശരീരത്തെക്കുറിച്ചോ വ്യാകുലപ്പെടരുതു്. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങൾക്ക് ഇവയെല്ലാമാവശ്യമുണ്ടെന്നറിയുന്നു. ആദ്യമെ ദൈവരാജ്യത്തേയും ദൈവനീതിയേയും അന്വേഷിപ്പിൻ. അപ്പോൾ ഈ വകകളെല്ലാം നിങ്ങൾക്കു നൾകപ്പെടും."

മാണിച്ചേട്ടനെന്നല്ല, പലരും അനുഭവമാക്കേണ്ട ഒരു ദിവ്യോപദേശമാണിതു്. പക്ഷെ അയാളുടെ മനസ്സ് അവിടെങ്ങുമല്ല; വീട്ടിൽ വച്ചു പൂട്ടിയിരിക്കുന്ന പണപ്പെട്ടിക്കുള്ളിലാണ്. ആ ദൈവാരാധനാസമയം മുഴുവൻ ദ്രവ്യാരാധനയിൽ തന്നെ മുങ്ങിമുഴുകി! പക്ഷെ അയാളവിടെയെങ്ങും ഒരു സമാധാനം കണ്ടില്ല. സമാധാനത്തിനും സംതൃപ്തിക്കുമായി അവിടെ അനേകം പ്രാർത്ഥനകൾ നടന്നു. പക്ഷെ അതുകൊണ്ടൊന്നും അയാൾക്കൊരു ഫലവും ഉണ്ടായില്ല.

"പുല്ലിനുതുല്യം നരനുടെ
നാളുകളഹോ...........
പൂക്കുന്നിതുവയലിൽ
പൂച്ചെടിപോലെ..........."

എല്ലാവരും ഒന്നിച്ചുപാടി, നിത്യനെന്നു കരുതുന്ന മനുഷ്യൻെറ നിസ്സാരതയെക്കുറിച്ച്. പക്ഷെ അതും ആരു കേൾക്കാനാണ്? അങ്ങനെ പ്രയോജനരഹിതനായി അയാൾ അവിടെനിന്നും ഇറങ്ങിപ്പോയി.

പണക്കാരെക്കൊണ്ടു നിറഞ്ഞ ആ പള്ളിയുടെ ജീർണ്ണോദ്ധാരണത്തിനായി പണം പിരിക്കാൻ ചെന്നവരോടു മാണിച്ചേട്ടൻ പറഞ്ഞു:—

"നാലുകാശിനു സ്വത്തില്ലാത്ത എന്നെ നിങ്ങളിങ്ങനെ, പള്ളിയാ-പള്ളിക്കൂടമാ എന്നൊക്കെപ്പറഞ്ഞു് ഉപദ്രവിക്കാൻ തുടങ്ങിയാൽ ഞാൻ മററു പള്ളിയിൽ പൊയ്ക്കൊള്ളും. അവിടെയാണെങ്കിലീ ഉപദ്രവമൊന്നുമില്ല. അങ്ങനെ മാണിച്ചേട്ടൻ ക്രിസ്തുശിഷ്യനായ യൂദായുടെ സ്വഭാവം വെളിപ്പെടുത്തി.

പിന്നീടൊരിക്കൽ സൺഡേസ്കൂളിൻെറ ധനശേഖരാർത്ഥം ഒരണ തരണമെന്നുപറഞ്ഞ ഒരു പിഞ്ചുപൈതലിനോട് അയാൾ പറകയാണ് "അമ്പടാ! കള്ളന്മാരു്; സൺഡേസ്കൂൾ സാറന്മാർ ഒള്ള രൂപായെല്ലാം പിരിച്ചു് അവർക്കു് തട്ടിയെടുക്കാൻ കൊച്ചുപിള്ളേരെ പറഞ്ഞയച്ചിരിക്കുന്നു. പൊക്കോണം, എന്നെ ദേഷ്യപ്പെടുത്താതെ". പാവം പിഞ്ചുകുഞ്ഞു് പേടിച്ചോടിപ്പോയി. ആ മഞ്ഞപ്പിത്തക്കണ്ണുകളുടെ ദൃഷ്ടിവിശേഷം പ്രത്യക്ഷമായി.

മാണിച്ചേട്ടൻെറ പിതാവിൻെറ ഓർമ്മദിവസം വന്നു. അന്ന് അയാളുടെ ആത്മാവിനുവേണ്ടി പ്രാർത്ഥി

ക്കാൻ—ദിവ്യബലി അർപ്പിക്കാൻ—മാണിച്ചേട്ടൻെറ മൂത്ത മകൾ—ആ അവിവാഹിതയാണ് പോയത്. അന്ന് അച്ചന് ഒരു പാരിതോഷികം നൽകണമെന്നു പറഞ്ഞ മകളെ ശാസിച്ച വിവരം നാടൊട്ടുക്ക് ഒരു സംഭാഷണവിഷയമായിപ്പോയി. പുരോഹിതന്മാർ പണം സമ്പാദിക്കുവാൻ കണ്ടിരിക്കുന്ന പററിയ മാർഗ്ഗമാണിതെന്നാണ് അയാളുടെ വാദം. "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവവചനംകൊണ്ടുമാണ് ജീവിക്കുന്നതെന്നു" കല്പിച്ചിരിക്കുന്നതിനാൽ ഈ ദൈവീകവേലക്കാരുടെ ഭക്ഷണം ദൈവവചനം മാത്രമാണെന്നാണ് നമ്മുടെ മാണിച്ചേട്ടൻ കണ്ടുപിടിച്ച തത്വം.

കാലങ്ങളങ്ങനെ പോയി. മാണിച്ചേട്ടന് പണമെന്നൊരു ചിന്തയല്ലാതെ മററൊന്നുമില്ല. പക്ഷെ, അല്പം സമാധാനം—ഒരു സ്വസ്ഥത—അതിനുവേണ്ടി അയാളുടെ തൊണ്ട വരണ്ടു. അയാൾ പലവഴി ചുററിത്തിരിഞ്ഞുനോക്കി. പക്ഷെ ആ പണം അതിനു നിദാനമായില്ല.

എന്നാൽ ആ അവിവാഹിത, മാണിച്ചേട്ടൻെറയടുക്കൽ ഇന്നും ഒരു ചോദ്യചിഹ്നമായിത്തന്നെ നിലകൊണ്ടു.

മൂന്നു നാലു മാസമായി മാണിച്ചേട്ടന് നല്ല സുഖമില്ലെന്ന ഒരു സംസാരവും പരക്കെ പരന്നു.

* * * *

അന്ന് ആ പള്ളിയുടെ ശ്മശാനത്തിൽ ചില കറുപ്പുരേഖകൾ ദൂരെ കണ്ടു. ഉയർത്തിക്കെട്ടിയിരിക്കുന്ന കല്ലറകളുടെ മദ്ധ്യത്തിൽ കറുത്ത മേഘാവരണത്തിനു കീഴെ കറുത്ത വേഷധാരികളായ പുരോഹിതന്മാർ പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കുന്നു. മനുഷ്യൻെറ നിമിഷങ്ങൾ പുകപോലെ മാഞ്ഞുപോകുന്നുവെന്ന് അവിടെ പുകഞ്ഞുകൊണ്ടിരുന്ന ധൂപകലശം വിളിച്ചുപറഞ്ഞു. കത്തി പ്രകാശിച്ചുകൊണ്ടിരുന്ന മെഴുകുതിരികൾ ഒരോന്നായി കാററിനാൽ അണഞ്ഞുകൊണ്ടിരുന്നു. ... നക്കൂട്ടത്തിൻെറ ദൃഷ്ടി അവരുടെ മദ്ധ്യത്തിലുള്ള ആറ... നീളം കുഴിയിലേക്കാണ്. കുഴിക്കു സമീപം ഇരുന്നിരു... ശവപ്പെട്ടിക്കു പിടിക്കാൻ മൂന്നുനാലുപേർ മുമ്പോട്ടു വന്നു... നീണ്ട ഒരു കയറുകൊണ്ട് അതിനെ ആവരണം ചെയ്... ആ കാലപാശത്തിന്മേൽ തൂങ്ങിയ ശവപ്പെട്ടി കുഴിയിലേക്കിറങ്ങിച്ചെന്നു. അപ്പോഴും കണ്ണുംമിഴിച്ചിരുന്ന ആ ...പത്തിൻെറ മുഖം ഒരു തുവാലയാൽ മറയ്ക്കപ്പെട്ടു. ...നേകമാളുകളെ അങ്ങനെ യാത്രയാക്കിയ പുരോഹിത... കൈയിൽ കുറെ മണ്ണുമായി കുഴിയുടെ സമീപം വന്നു... ന്നു. അത്ഥഗർഭമായി അദ്ദേഹം കുഴിയിലേക്കു നോക്കി... ആ മണൽ പെട്ടിയിലേക്കു വിതറി, ഒരു കുരിശാകൃതി...ൽ "മനുഷ്യാ! നീ മണ്ണാകുന്നു! നീ മണ്ണിലേക്കുതന്നെ ...രിയും..........". ആ പുരോഹിതൻെറ ശബ്ദം നീ... നിശ്ശബ്ദതയിൽക്കൂടി പാഞ്ഞൊരച്ചുപോയി.

സകല ഹൃദയങ്ങളിലും തുളഞ്ഞുകയറിയ ആ ...ചനം—മരിച്ചവൻ ലോകത്തിനും ലോകം മരിച്ചവ... നൽകുന്ന ആ അന്ത്യസന്ദേശം—ആ കല്ലറകളുടെ ...ത്തികളിൽ തട്ടി, അവയെല്ലാം അതു ശരിവച്ചു.

അതിനിടയിലും ആ ശ്മശാനത്തിന് പുറ... നിന്ന് ആരോ ചിലരെല്ലാം കൂടി പറയുകയാണ്:—

"മാണിച്ചേട്ടൻ—പാവം, ഒത്തിരി നരകിച്ചു... ആറു മാസമല്ലെ വാതം വന്നു കിടന്നത്—ദൈവ... അതിയാൻെറ രൂപാ എല്ലാം വച്ചുംവച്ചാണല്ലൊ ...ങ്ങോട്ടു പോയത്. അതുപോട്ടെ—ആ മകളെ ...ന്നു കെട്ടിച്ചിരുന്നെങ്കിൽ..........ഇന്നവൾ......"

അപ്പോഴും ആ ശ്മശാനത്തിനുള്ളിലെ പ്രതിധ്വ... അവസാനിച്ചില്ല.

"മനുഷ്യാ! നീ മണ്ണാകുന്നു."

രസകരമായ ചില അറിവുകൾ.

<u>മരിച്ചവരുടെ കണ്ണുകൊണ്ടും ഉപയോഗം:—</u> ഒരാളുടെ മരണശേഷം 12 മണിക്കൂറിനുള്ളിൽ അയാളുടെ കണ്ണെടുത്ത് അതിൽ ആവശ്യമായ ഭാഗം സൂക്ഷിച്ചുവക്കുകയും $2\frac{1}{2}$ ദിവസത്തിനുള്ളിൽ അതിനെ ഉപയോഗപ്പെടുത്തി ഏതെങ്കിലും കുരുടൻെറ കണ്ണിന് കാഴ്ച വരുത്തിക്കൊടുക്കുകയും ചെയ്യുന്ന ഒരു ഓപ്പറേഷൻ ഇപ്പോൾ അമേരിക്കയിൽ നടപ്പിലായിരിക്കുന്നു.

<u>ഭൂമിയുടെ ചൂട്:—</u> ഭൂമിക്ക് ചൂട് വർദ്ധിച്ചുവരുന്നതായി ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. "അന്ത്യനാളിൽ അഗ്നിയാൽ ചുട്ടെരിയും" എന്ന് പറയുന്നതും സ്മരിക്കുക.

<u>അൽബട്രോസ്:—</u> പസഫിക്ക് സമുദ്രത്തിൻെറ തെക്കേ... ...ളളും കപ്പലിൻെറ പിമ്പിലായി ഒരേ ഉയരത്തിലും കപ്പലിൻെറ ... വേഗമൊപ്പിച്ചും ചിറക് സ്വരമായി അനക്കാതെ അനേകദിവസ... ...റക്കുന്ന ഒരുതരം പക്ഷിയാണ് അൽബട്രോസ്. ചിറക വിടുത്തി... ഒരഗ്രംമുതൽ മറെറ അഗ്രംവരെ 17 അടിയോളം വരുന്നു. ഇക്കൂട്ട... ...വാതലിൽ കവിയുകയില്ല.

<u>ഭൂമിയുടെ പ്രായം:—</u> നാം നിവസിക്കുന്ന ഈ ഗോളം ഉ... ...യിട്ട് 335 കോടി വഷമായി എന്ന് ചില ശാസ്ത്രജ്ഞന്മാർ പറ...

<u>സൂചിനിർമ്മാണം:—</u> ഇംഗ്ലണ്ടിൽ റെഡിച്ച് എന്ന സ്ഥലത്ത് ആഴ്ചതോറും 30 ലക്ഷം സൂചി നിർമ്മിക്കുന്നുണ്ടത്രെ. ഒരു യന്ത്രം ഒരു മണിക്കൂറിൽ അറുപതിനായിരം സൂചികൾ ക്രമീകരിക്കുന്നു.

<u>വേദന മാററുവാൻ:—</u> ഒരു മരുന്ന് കുറെനേരം ശ്വസിച്ചാൽ ഏതു വേദനയും സ്വല്പസമയത്തേക്ക് അറിയുന്നതല്ലത്രെ. ക്ലോറൊഫോംപോലെ ക്ഷീണത്തേയൊ ബോധക്കേടിനേയൊ ഇതുണ്ടാക്കുന്നില്ല. ഈ മരുന്ന് കണ്ടുപിടിച്ചിരിക്കുന്ന ഡാക്ടരുടെ പേർ ഹെയിവാർഡ് ഷ്ലീററ് എന്നാണ്. പ്രസവവേദനപ്പെട്ട് കഷ്ടപ്പെടുന്നവക്കും മാരകമുള്ള് ഒരനുഗ്രഹമായിത്തീരാം. ശസ്ത്രക്രിയക്കും ഉപയോഗപ്രദം.

<u>കണക്കു കൂട്ടുന്ന മൂന്നു യന്ത്രങ്ങൾ:—</u> 1) ഹാർവാർഡ് സർവ്വകലാശാലയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന Automatic Sequence Controlled Calculator. 2) വെനീസിൽ വേനിയാ സർവ്വകലാശാലയിൽ ഉപയോഗിക്കുന്ന Electronic numerical integrator & computor. ഇതിന് 10 അക്കമുള്ള 20 സംഖ്യകളെക്കൊണ്ട് കണക്കുകൾ ചെയ്യാമത്രെ. 3) കേംബ്രിഡ്ജ് സർവ്വകലാശാലയിലുള്ള Electric delay storage automatic calculator. 10 അക്കമുള്ള 500 സംഖ്യകളെക്കൊണ്ടുള്ള കണക്കുകൾ കൂട്ടുവാനും, വിവിധങ്ങളായ ലക്ഷത്തോളം കണക്കുകൾ അല്പസമയംകൊണ്ടു ചെയ്ത് ഉത്തരം അച്ചടിച്ച് നൽകാനും ഈ യന്ത്രത്തിനു കഴിയും. കണക്കു കൂട്ടുന്നതിനുള്ള വളരെ സമയം മനുഷ്യർ ലാഭിച്ചിരിക്കുന്നു.

പഴയനിയമത്തിലെ ഉപമകൾ.

(ഒരു താരതമ്യപഠനം)

(പി. സി. ആൻഡ്രൂസ് ബി. എ.)

വിശുദ്ധ വേദപുസ്തകത്തിൽ പഴയ നിയമത്തിലും പുതിയ നിയമത്തിലും പല ഉപമകൾ നാം വായിക്കാറുണ്ട്. ഇവയിൽ പുതിയ നിയമത്തിലെ ക്രിസ്തുനാഥൻെറ ഉപമകൾ നമുക്ക് സുപരിചിതങ്ങളാണ്. പഴയ നിയമത്തിലേത് അത്രത്തോളം പരിചിതമാണോ എന്നുള്ളത് സംശയഗ്രസ്തമത്രെ—കർത്താവ് തൻെറ ഉപദേശങ്ങൾ മിക്കവാറും ഉപമകളാലത്രെ ജനസാമാന്യത്തിന് നൽകിയത്. ഉപമ എന്നു മലയാളത്തിൽ കാണുന്ന പദത്തിന് ഇംഗ്ലീഷിൽ (Parable) എന്നും ഗ്രീക്കുഭാഷയിൽ പ്രസ്തുത പദത്തിന് സാമ്യം (Analogy) എന്നും വിവക്ഷയുണ്ട്. ആത്മീയ സാമ്യങ്ങളാൽ താത്വികമായ ആശയങ്ങൾ ധരിപ്പിക്കുന്നതിനായി പ്രകൃതിയിൽ നിന്നും മനുഷ്യജീവിതത്തിൽ നിന്നും മററും എടുത്തിട്ടുള്ള ലളിതവും ചെറുതുമായ കഥകളായിരുന്നു ക്രിസ്തുവിൻേറ ഉപമകൾ—തൻെറ ശിഷ്യന്മാർ, ദൈവരാജ്യ മർമ്മങ്ങളെപ്പററി അറിയുന്നതിന് വേണ്ടി അനുഗ്രഹം പ്രാപിച്ചവരായിരുന്നു. എന്നാൽ അക്കാലത്തെ സാമാന്യജനത കേവലം ജഡമനസ്സന്മാരും ആത്മീയകാര്യങ്ങളെപ്പററി തുലോം അജ്ഞാനാന്ധകാരമായിരുന്നു. വിശിഷ്യാ ഉപമകൾ കേൾവിക്കു ഇമ്പകരമാണല്ലൊ—അവ നിഷ്പ്രയാസം നമ്മുടെ ഓർമ്മയിൽ വയ്ക്കാം. അവ നമ്മുടെ ചിന്തകളെ ഉദ്ദീപിപ്പിക്കയും അവയുടെ അർത്ഥവും പ്രാധാന്യവും ശക്തിയും എന്താണെന്നറിവാനുള്ള നമ്മുടെ ജിജ്ഞാസ വർദ്ധിക്കയും ചെയ്യുന്നതു സഹജമാണ്.

പഴയ നിയമത്തിൽ ആകെ ഏഴു ഉപമകളും ഉപമാരൂപത്തിലുള്ള മൂന്നു ചെറുകഥകളുമാണ് നാം വായിക്കുന്നത്.

1) പ്രവാചകനായ നാഥാൻ ദാവീദിനോട് പെൺ കുഞ്ഞാടിൻെറ ഉപമ പറയുന്നതായി 2 ശമുവേൽ 12: 1 മുതൽ $8\frac{1}{2}$ വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നു. ധനവാൻ ദരിദ്രൻെറ ഏക കുഞ്ഞാടിനെ പിടിച്ചു പാകം ചെയ്ത് വഴിയാത്രക്കാരനെ സൽക്കരിച്ചതുപോലെ രാജാവ് ഹിത്യനായ ഊറിയാവെ കൊന്ന് അവൻെറ ഭാര്യയെ സ്വീകരിച്ചതിനാൽ നാഥാൻ ദാവീദിനെ ശാസിക്കയുണ്ടായി.

2) 2: ശമുവേൽ 14-അ: ആദ്യത്തെ 11 വാക്യങ്ങളിൽ തെക്കോവയിലെ വിധവ ദാവീദിൻെറ സന്നിധിയിൽ എത്തി രണ്ടു സഹോദരന്മാരുടേയും രക്തത്തിന് പ്രതിക്രിയ ചെയ്യുവരുടേയും ഉപമയാൽ രാജാവിന് കുററബോധം വരുത്തുകയും, തൽഫലമായി നിഷ്ക്കാസിതനായ അബ്ശാലോം കുമാരനെ തിരിയെ വരുത്തുന്നതിനു സമ്മതിപ്പിക്കയും ചെയ്തു.

3) യെശയ്യാ ദീർഘദർശി (5:1-7.) മുന്തിരിത്തോട്ടത്തിൻെറ ഉപമയാൽ യഹൂദ ജാതിയുടേയും യെരുശലേം നഗരത്തിൻേറയും നാശത്തെപ്പററി പ്രവചിക്കുന്നു. നല്ല മുന്തിരിവള്ളിയിൽ കാട്ടുമുന്തിരിങ്ങാ കായ്ച്ചതിനാൽ യഹോവായുടെ കോപം ജ്വലിച്ചു.

4) ഹെസക്കിയേൽ പ്രവാചകൻ (ഹെസ:) 17:3-10-ൽ ഇസ്രായേൽ ഗൃഹത്തോട് രണ്ടു കഴുകന്മാരേയും ഒരു മുന്തിരിവള്ളിയേയും കുറിച്ചുള്ള ഒരു കടങ്കഥ പറഞ്ഞു" യെരുശലേമിൻെറ ന്യായവിധിയെപ്പററി പ്രബോധിപ്പിക്കുന്നു.

5) ഹെസക്കിയേൽ 19:2-9-ൽ ദീർഘദർശി ഇസ്രായേലിലെ പ്രഭുക്കന്മാർക്കായി ഒരു വിലാപഗാനം പാടുന്നു. കുഴിയിൽ അകപ്പെട്ട സിംഹകുട്ടികളുടേയും ഉണങ്ങിപ്പോയ മുന്തിരിവള്ളിയുടേയും ഉപമയാൽ യേരുശലേമിന്റെ നാശത്തെപ്പററി പഠിപ്പിക്കുന്നു.

6) ഹെസക്കിയേൽ ദീർഘദർശി (24: 3-5) ഇസ്രായേൽ ഗൃഹത്തോട് തിളപ്പിക്കുന്ന കലത്തിന്റെ ഉപമ പ്രസ്താവിച്ചു. ബാബേൽ രാജാവ് യേരുശലേമിനെ ആക്രമിക്കുന്നതും അതിന്റെ മ്ലേഛതയ്ക്കു് ഉചിതമായ ന്യായവിധി യഹോവായിൽ നിന്നുണ്ടാകുന്നതും ഈ ഉപമയാൽ നിർദ്ദേശിക്കപ്പെടുന്നു.

7) ഇസ്രായേലിൽ ശമര്യരാജാവായ ആഹാബിനോടു ദീർഘദർശികളുടെ പുത്രന്മാരിൽ ഒരുവൻ രക്ഷപെട്ട അടിമയുടെ ഉപമ പറയുന്നു. 1 രാജാ. 20:35-40: ആഹാബിനെതിരായുള്ള ദൈവത്തിന്റെ ന്യായവിധി രാജാവിനെ മുൻകൂട്ടി അറിയിക്കുന്നതാണ് ഇതിന്റെ പൊരുൾ.

ഉപമാരൂപത്തിലുള്ളതു് ആകെ മൂന്നു മാത്രമാണ്:—1) ഇസ്രായേൽ രാജാവായ യോഥാം ശേഖേമ്യക്കാർ അബിമലേക്കിനെ രാജാവാക്കിയ അവിവേക പ്രവൃത്തിയെപററി അവരെ കുണദോഷിക്കുന്നതിന് ഒരിക്കൽ വൃക്ഷങ്ങൾ തങ്ങൾക്കു് ഒരു രാജാവിനെ തിരഞ്ഞെടുത്തതായുള്ള ഒരു കടങ്കഥ പറയുകയുണ്ടായി—ഇതു് ന്യായാധിപർ 9: 7-15 വരെ പറഞ്ഞിരിക്കുന്നു.

(2) പ്രവാചകനായ മീഖായാവിനുണ്ടായ ദർശനം ഇസ്രായേൽ രാജാവായ ആഹാബിനോടു് ഉപമാരൂപത്തിൽ അറിയിക്കുന്നതു് 1 രാജാക്കന്മാർ 22: 19-23 വരെയുള്ള വാക്യങ്ങളിൽ നാം വായിക്കുന്നു. ആഹാബ് കള്ളപ്രവാചകന്മാരുടെ വചനം കേട്ടു് യുദ്ധത്തിനു പോകയും യുദ്ധത്തിൽ മുറിവേററു മരിക്കയാൽ നായ്ക്കൾ അവന്റെ രക്തം കുടിക്കയും ചെയ്തു.

(3) ഇസ്രായേൽ രാജാവായ യഹോയാശ് യഹൂദരാജാവായ അമസിയായോടു് ഇപ്രകാരം പറഞ്ഞു:—ലെബാനോനിലെ മുൾപ്പടർപ്പു് ലെബാനോനിലെ കാരകിൽ വൃക്ഷത്തോടു്, നിന്റെ മകളെ എന്റെ പുത്രനു ഭാര്യയായി തരിക എന്നു് ആളയച്ചു് പറയിച്ചു. എന്നാൽ ലെബാനോനിലെ ഒരു കാട്ടുമൃഗം കടന്നു പോകയാൽ മുൾപടർപ്പിനെ ചവുട്ടിക്കളഞ്ഞു. അമസിയാ എദോമ്യരെ തോൽപ്പിച്ചതിലുള്ള അഹംഭാവത്തെയും പ്രശംസയേയും സൂചിപ്പിക്കുന്നതായി 2 രാജാക്കന്മാർ 14: 9-ലുള്ള ഈ വാക്യം എത്ര സരസവും സാരഗർഭവുമായിരിക്കുന്നു.

വി: പൌലോസിന്റെ ജീവചരിത്രം.

(3-ാംലക്കത്തിൽനിന്നും തുടച്ച്)

(ബ: നെടുന്തള്ളിൽ ഗീവറുഗീസ് കത്തനാർ)

ഇതിൽ രണ്ടാമത്തേതു് എളുപ്പമുള്ളതായിരുന്നതിനാൽ (140-മൈൽ മാത്രം) അതുവഴി പോയി എന്നൂഹിക്കാം. യാത്ര കാൽനടയായിട്ടായിരുന്നു എന്നാണ് വിചാരിച്ചുവരുന്നതു്.

ഒരു മനുഷ്യന്റെ വിശ്വാസം അവന്റെ പിടിയിൽനിന്നും തെററുവാൻ പോകുന്ന അവസരത്തിലാണ് അവൻ അതിനെ ഉറപ്പിക്കുന്നതിൽ അതി ശ്രദ്ധാലുവായിരിക്കുന്നതു്. ശൗൽ ക്രിസ്തീയസഭയോടെതിരിടുന്നതിൽ അതി ഭ്രാന്തനായിരുന്നു. (അപ്പ. പ്ര. 26:11) അനേകം വർഷങ്ങളായി അദ്ദേഹം ദൈവത്തിൽനിന്നും അന്യനെന്ന ബോധമുണ്ടായിട്ടു് സമാധാനം നേടുവാൻ പരീശ (Pharasaic) സമ്പ്രദായം കൃത്യമായി അനുഷ്ഠിച്ചുപോന്നു. അദ്ദേഹത്തിന്റെ ശ്രമം വിഫലമായിരുന്നെങ്കിലും തന്റെ തോൽവി അധികശക്തിയോടെ തന്നെ കുത്തുന്നതിന് അതു കാരണമായിത്തീർന്നു. താൻ തെററായ വഴിയിൽ നടക്കുന്നു എന്നു് അനേക വർഷങ്ങളായി ശൗൽ അറിഞ്ഞില്ല. ക്രിസ്ത്യാനികളുമായി നിത്യവുമായി ഇടയാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിനു സംശയം ജനിച്ചു. ഈ പുതിയ വിശ്വാസവുമായി ... ല്യം ഇടപെടുവാൻ സംഗതിയായതു് യേരുശലേമിലെ ... ല്ലനിസ്റ്റിക്ക് സിന്നഗോഗിൽ സ്തേഫാനോസുമായി ഉണ്ടായ വാദപ്രതിവാദത്തിലായിരിക്കണം. അവിടെവച്ചു് യേശു, മ്ശീഹായാണെന്നും മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേററു് ദൈവത്തിന്റെ വലത്തുഭാഗത്തു് ഇരിക്കുന്നുവെന്നും കേട്ടു. വാദത്തെ എതിർപ്പാൻ ശൗലിനു കഴിഞ്ഞില്ലെങ്കിലും അതിനെ സ്വീകരിപ്പാൻ അദ്ദേഹത്തിനു മനസ്സില്ലായിരുന്നു. ആകയാൽ അതിനെതിരായ ഒരു ... കുരസമരം നടത്തി അതിനെ തുലയ്ക്കണമെന്നു് അദ്ദേഹം തീരുമാനിച്ചു.

സ്തേഫാനോസിന്റെ വധത്തോടുകൂടി ശൌൽ വലിയ ചിന്താഭാരത്തിലായി. സമാധാനരഹിതനായിട്ടത്രെ അദ്ദേഹം ഓരോ നിമിഷവും കഴിച്ചുകൂട്ടിയിരുന്നതു്. എങ്കിലും പീഡയുടെ ഈ മൃഗീയബഹളത്തിനിടയിൽ ആന്തരീയശബ്ദം ശൌലിനു് കേൾക്കാൻ കഴിഞ്ഞില്ല. ഈ ബഹളത്തിൽനിന്നും വിമുക്തനായി ദീർഘമായ ഒരു വിദേശയാത്രയിൽ പെട്ടപ്പോൾ അദ്ദേഹം ചിന്താകുലനായി ഭവിച്ചു. സ്തേഫാനോസിന്റെ വാദമുഖങ്ങളേയും അന്തരീയസമാധാനത്തേയുംപററി ശാന്തമായി ആലോചിപ്പാൻ തുടങ്ങി. തന്റെ മുൻകാര്യങ്ങളെ അദ്ദേഹം ചിന്തിച്ചു. പ്രസിദ്ധ വന്ദ്യഗുരുവായ ഗമാലിയേലിന്റെ പരമതദ്വേഷരാഹിത്യം, ദൈവസംരക്ഷണാബോധം സൌഹാർദ്ദമനോഭാവം എന്നിവകൾ അദ്ദേഹത്തിന്റെ സ്മൃതിപഥത്തിൽ വന്നു. മതഭ്രാന്തിനാൽ നിഷ്ഠുരനായി ചമഞ്ഞിരുന്നെങ്കിലും പ്രകൃത്യാ ശൌൽ ദയാലുവായിരുന്നു. മതവൈരാഗ്യത്താൽ താൻ ദൈവത്തോടു മത്സരിക്കയാണൊ എന്നു് അദ്ദേഹം സംശയിപ്പാൻ തുടങ്ങി. എതൃക്കുന്ന കാളയെപ്പോലെ "മുള്ളിന്മേലുതയ്ക്കു" എന്ന ഗ്രീക്കു പഴമൊഴിയും അദ്ദേഹത്തിന്റെ മനസ്സിൽ വന്നിരിക്കണം. അതിപ്രധാനമായി അദ്ദേഹത്തിന്റെമനസ്സിൽ ഉന്തിവന്നതു് സ്തേഫാനോസിന്റെ ന്യായവാദമാണ്. അതു് അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്നും പറിച്ചുകളവാൻ കഴിഞ്ഞില്ല.: മ്ശീഹാ കഷ്ടം സഹിക്കേണ്ടവനാണെന്നു് വി. വേദത്തിൽനിന്നും അദ്ദേഹം കാണിച്ചിരുന്നല്ലൊ. (എശായ 53-ാം അദ്ധ്യായംപോലുള്ള ഭാഗങ്ങൾ ആദ്യമായി കൃസ്ത്യാനികൾ, നസ്രായനായ യേശു സാക്ഷാൽ മ്ശീഹായാണെന്നു കാണിപ്പാൻ ഉദ്ധരിക്ക പതിവായിരുന്നു.)

ഇനി 9-ാം ലക്കത്തിൽ (167)

സഭാവാർത്തകൾ.

മിഥുനം 8-ാംനു- തിങ്കളാഴ്ച നി. വ. ദി. ശ്രീ. ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ടു് അങ്കമാലിപള്ളിയിൽവെച്ചു് നെല്ലിമോളത്തു് പള്ളി ഇടവകയിൽ ... യൌയാക്കിമിന്റെ മകൻ മാത്യു എന്ന യുവാവിനു് മ്സമ്മ്രോനൊ പട്ടം കൊടുത്തിരിക്കുന്നു.

കോതമംഗലം മത്തോമ ചെറിയ പള്ളി, 750 രൂപായുടെ അംശവടി സമ്മാനിച്ചു.

അങ്കമാലി ഭദ്രാസന ഇടവകയുടെ സ്വഹായകൻ വൈലിപ്പറമ്പിൽ നി. വ. ദി. ശ്രീ. ഗീവറുഗീസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ബി. എ, എൽ. ററി. തിരുമനസ്സിലേക്കു് കോതമംഗലം ചെറിയ പള്ളി ഇടവകയിൽനിന്നും ഈ മാസം 21-ാംനു- ഞായറാഴ്ച 750 രൂപാ ചെലവുചെയ്തു് പുതുപ്പള്ളിയിൽ പണിയിച്ച ഇരുപത്തിരണ്ടുള്ള ഒരു അംശവടി സമർപ്പിച്ചിരിക്കുന്നു. തിരുമനസ്സു കൊണ്ടു് വി. കുർബാന ചൊല്ലി ഇറങ്ങിയ ശുഭവേളയിൽ പള്ളിയകത്തുവെച്ചുതന്നെ ... പള്ളിപ്പൊതുയോഗത്തിൽവച്ചു് ദിവ്യശ്രീ നെടുന്തള്ളിൽ സ്കറിയാ കത്തനാർ അവർകളുടെ പ്രസംഗശേഷം ദിവ്യശ്രീ തേക്കിലക്കാട്ടു് ... കത്തനാർ അവർകളാണ് പള്ളിപ്രതിനിധിയെന്ന നിലയിൽ സമർപ്പണകൃത്യം നിർവ്വഹിച്ചതു്. കാലേക്കൂട്ടി മൂന്നു് ഞായറാഴ്ച പള്ളിയിൽ വിളിച്ചുപറഞ്ഞു് അറിയിച്ചശേഷം കൂടിയ പ്രസ്തുത പൊതുയോഗത്തിൽ പട്ടക്കാർക്കുപുറമെ അനേകായിരം ആളുകൾ സംബന്ധിച്ചിരുന്നുവെന്നുള്ളതു് പ്രസ്താവ്യമാണ്.

തിരുമനസ്സുകൊണ്ടു് ഹൃദയസ്പർശമാകുംവണ്ണം സമുചിതമായ മറുപടിപ്രസംഗം നടത്തി. അംശവടി എന്നതിനുള്ള 'മൂറോനിസൊ' പ: മൂറോന്റെ അധികാരത്തെ സൂചിപ്പിക്കുന്നുവെന്നും അതു് മരണകത്താവിന്റെ സ്ഥാനചിഹ്നങ്ങളിൽ ഒന്നാണെന്നും അതു് സമർപ്പിക്കുന്ന ഇടവകക്കാർക്കു് പ: മൂറോന്റെ അനുഗ്രഹങ്ങൾ പ്രത്യേകാൽ ലഭിക്കുമെന്നും തിരുമനസ്സുകൊണ്ടു് പ്രസംഗമദ്ധ്യേ കല്പിക്കുകയുണ്ടായി. പള്ളി ഇടവകക്കാരുടെ ഹൃദയപൂർവ്വമായ സ്നേഹബഹുമാനാദരവുകളുടെ പ്രത്യക്ഷപ്രദർശനത്തിനു് തിരുമനസ്സുകൊണ്ടു് വീണ്ടും വീണ്ടും നന്ദി പ്രദർശിപ്പിച്ചു. പ്രാർത്ഥനയോടുകൂടി യോഗം മംഗളമായി പര്യവസാനിച്ചു.

പുക്കന്നേൽ,
യൌസേഫ് ശെമ്മാശൻ,
കോതമംഗലം.

പൂർവ്വീകകാലംമുതൽ പ: പിതാക്കന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന വടക്കൻ പള്ളിക്കാർക്കു് ബ: കോതമംഗലം ചെറിയപള്ളി ഇതാ ഒരു ഉത്തമമായ മാതൃക കാണിച്ചുകൊടുത്തിരിക്കുന്നു.

പത്രാധിപർ.

ലോകവാർത്താസംഗ്രഹം.

ഇൻഡ്യ:— 1948 ജൂൺ 21-ാംനു- മൌണ്ട് ബാററൻപ്രഭു തന്റെ ഗവർണർജനറൽസ്ഥാനത്തുനിന്നും പിരിഞ്ഞു് സ്വദേശമായ ഇംഗ്ലണ്ടിലേക്കു മടങ്ങി. അതോടുകൂടിതന്നെ ഇൻഡ്യയുടെ ഈ കഴിഞ്ഞ 200 വർഷത്തെ ചരിത്രത്തിൽ ആദ്യമായിട്ടു് ഒരു ഇൻഡ്യാക്കാരൻതന്നെ ഗവർണർ ജനറലായി നിയമിക്കപ്പെട്ടു. ഇദ്ദേഹം മുമ്പു് മദ്രാസ് പ്രധാനമന്ത്രിയും പിന്നീടു് ബംഗാൾ ഗവർണ്ണറും ആയിരുന്ന ശ്രീ. സി. രാജഗോപാലാചാരി ആകുന്നു. അ

ങ്ങനെ ഇൻഡ്യയിൽ പൂണ്ണമായ സ്വദേശഭരണം സ്ഥാപിതമായിക്കഴിഞ്ഞു. ഫലമെന്താകുമൊ?

<u>ഹൈദ്രബാദ്:—</u> കഴിഞ്ഞ ആറുമാസക്കാലത്തോളമായി ഹൈദ്രബാദും ഇൻഡ്യയുംകൂടി നടന്ന കൂടിയാലോചനകൾ തൽക്കാലം അശുഭമായി അവസാനിക്കയാണു ചെയ്തിട്ടുള്ളതു്. ഹൈദ്രബാദ് ഇൻഡ്യൻയൂണിയനിൽ ചേരുവാൻ വിസമ്മതിച്ചിരിക്കുന്നു. ഇതിനെതുടന്നു് പല അസുഖങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

<u>കാഷ്മീർ:—</u> കാഷ്മീർകാര്യത്തെപ്പററി അന്വേഷിച്ചു് റിപ്പോട്ടു് ചെയ്യാനായി ഐക്യരാഷ്ട്രസമിതി അയച്ചിട്ടുള്ള കമ്മീഷൻ ഇൻഡ്യയിൽ വന്നുചേന്നിരിക്കുന്നു. ഇൻഡ്യ, പാക്കിസ്ഥാൻ, കാഷ്മീർ ഈ ഗവമ്മേണ്ടുകളുമായി ആലോചിച്ചു് തക്ക്വിഷയങ്ങളെപ്പററി അവർ ഐക്യരാഷ്ട്രസമിതിയിലേക്കു് റിപ്പോട്ടു് ചെയ്യുന്നതാണു്.

<u>തിരുവിതാംകൂർ:—</u> ഇൻഡ്യൻ യൂണിയനോടു് തൊട്ടുകിടക്കുന്ന തെക്കൻതിരുവിതാംകൂറിലെ 5 താലൂക്കുകളിൽ 124 ചിങ്ങം 1-ാംനു-മുതൽ മധുവജ്ജനപരിപാടി കശ്നമായി നടത്തുന്നതായിരിക്കും.

അതേരീതിയിൽതന്നെ തിരുവിതാംകൂറിൽ 55 വയസ്സുതികഞ്ഞ 3500-റോളം സക്കാർ ഉദ്യോഗസ്ഥന്മാർ പെൻഷൻപററി ഉദ്യോഗത്തിൽനിന്നും പിരിയുന്നതായിരിക്കും.

<u>പാലസ്റ്റൈൻ:—</u> ഐക്യരാഷ്ട്രസമിതി ഇടപെട്ട് പാലസ്റ്റൈനിലെ അറബി-യഹൂദസംഘട്ടനം 4 ആഴ്ചത്തേക്കു് നിറുത്തിവച്ചിരിക്കയായിരുന്നു. ഈ കാലത്തിനുള്ളി എന്തെങ്കിലും ഒരു ശാശ്വതമായ സമാധാനം അവർമ്മിലുണ്ടാകുന്നതിനു് 'ബർനാഡോട്ട്'' എന്ന ബൽജിയ സ്വദേശിയായ ഒരു മഹാനെ മദ്ധ്യസ്ഥനായിട്ടു് ഐ: സ: അയച്ചിരുന്നു. അദ്ദേഹം അവിടെ എത്തി തന്റെ ജോലി കൃത്യമായി നടത്തി. എന്നാൽ ഇരുകക്ഷികളും രാജിപ്പെടാതെ യുദ്ധം തുടന്നുകൊണ്ടിരിക്കുന്നു.

<u>യൂറോപ്പ്</u>

<u>ചെക്കോസ്ലോവാക്യ:—</u> ഇവിടത്തെ പ്രസിഡണ്ട് ആയിരുന്ന എഡ്വേർഡ്ബെനീസ് പ്രായാധിക്യത്താൽ രാജി വയ്ക്കുകയും തൽസ്ഥാനത്തു് അവിടത്തെ കമ്മ്യൂണിസ്റ്റ്നേതാവായ ഗാട്ട്വാൾഡ് നിയമിതനാകയും ചെയ്തു.

<u>ജമ്മനി:—</u> ബർലിൻനഗരം, ഒരു ഭാഗം റഷ്യക്കും മററു ഭാഗം അമേരിക്കാ, ഇംഗ്ലണ്ടു്, ഫ്രാൻസ് എന്നി സഹചരകതികൾക്കും ആയി വിഭജിക്കപ്പെട്ടിരിക്കയാണ്. ജമ്മനിയുടെ ഭാവിഭരണഘടനയെപ്പററി ഇരുകക്ഷികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം ഹേതുവായി പര ഗതാഗതസൌകര്യങ്ങൾപോലും ഇപ്പോൾ നിറുത്തിവ രിക്കുന്നു. റഷ്യയും അമേരിക്കയും തമ്മിൽ സംഘട്ട ഉണ്ടാകുമെന്നു് ചിലർ ഭയപ്പെടുന്നു.

THE SCIENCE OF SUCCESS

(O. S. Marden)

Character building & health building during sleep (Contd. from issue 3.)

"HANG up in your bed-chamber, in a conspicuous place where you can always see it, a card bearing in bold illuminated letters this motto: 'NO THINKING HERE.'

"Shut off all thinking processes of every kind when you retire for the night, relax every muscle; let there be no tension of mind or body, and in a short time you will find that sleep will come to you as easily and naturally as to a little child, and that it will be as untroubled, as sweet and refreshing as that of a child."

To all who are troubled as this man was, I would offer the same advice, for its adoption has proved very successful in h case.

It is a great artto be able to shut th gates of the mental power-house on retirin to control oneself, to put oneself in tune wi the Infinite, in sympathy with those abo him, and in harmony with the world; to exp from the mind everything which jars or ir tates—all malice, envy and jealously, th enemies of our peace and happiness—befo we go to sleep. Yet it is an art that all c acquire.

It is possible for everyone, either b thinking, reading, or pleasant social influenc

to conquer all discordant moods, to overcome every unkind feeling, to banish every frown from the face, every wrinkle from the mind, and to go to sleep with a smile on the face.

When you go to sleep in the right mental attitude you will be surprised to find how serene and calm, how refreshed and cheerful, you will be when you awake in the morning, and how much easier it will be to start right and to wear a smile for the day than it was when you went to bed worrying, ill-humoured, or full of ungenerous, uncharitable thoughts.

The devotional attitude on retiring to sleep is of very great value, inasmuchas it tends to soothe, calm and re-assure the mind, to destroy all fear, worry and anxious thoughts and to put one in tune with higher, nobler thoughts.

Persistency in preparing the mind for peaceful, healthful, happy sleep will prolong your life and your youth. More important still, it will have a far-reaching influence on your health and the foundation of your character. The habit of clearing the mental temple of all discords, error, hatred, revenge, everything which tends to gloom and darkness before going to sleep, and persisting in holding in holding bright pictures in the mind, in dwelling on noble and uplifting thoughts, will in time revolutionize the whole life.

We are just beginning to realize that there is an enormous power lying dormant in the Great Within of us, and that this latent force or power seems to be very susceptible to stimulus during sleep, when the objective world and its many distributing conditions are absent

We little realize the amount of activity—undirected activity—that goes on in our subconscious minds during sleep.

There is a lot of unconscious philosophy in the expression one so often utters, "I would like to sleep over this proposition," problem—or whatever it is. Without knowing the secret of it, we realize that things somehow clear up during sleep in a remarkable way. We see things in a different light in the morning. Perhaps the thing we were most enthusiastic over the night before, and which, had we carried it out, would have been obviously injurious, often seems silly, ill-advised, impossible to us in the morning, not because we really consciously thought much about it, but because there is something in our subconscious mentality which often solves knotty problems for us while asleep—problems which staggered us in our waking hours.

Great mathematicians, scientists and astronomers have many times been surprised to find very difficult problems that their reason could not elucidate during the day solved without apparent effort during sleep.

There is no doubt that much of our moral education and character—forming is carried on during sleep subconsciously, and since the psychology of this education and character—forming during sleep is based on the fact that the process which are going on in the brain when we fall asleep tend to continue during the night, we can readily see what marvellous possibilities lie in the right direction and guidance of this mysterious, subconscious power.

I know persons who have performed wonders in reforming themselves by self-suggestion on retiring at night, holding the happy, inspiring, helpful suggestion in the mind up to the point of unconsciousness. Persons have in this way overcome ugly tempers and dispositions as well as other unfortunate traits. The holding of the vigorous, robust, healthy ideal—the ideal and the spirit of youth—has immense possibilities in the way of self-refreshment, re-invigoration and rejuvenation,and is especially helpful to those who are advanced in years.

If those who are inclined to melancholy and the "blues" would, just before going to sleep, insist on the nothingness of these delusions, and substitute the bright, cheerful, hopeful, optimistic thought, they would very soon overcome this unfortunate tendency.

If poverty is grinding us under its heels, we should affirm before going to sleep that the Creator has provided sufficient to give everyone the necessaries and comforts of life, without any worry about them on our part. Instead of thinking of poverty we should hold in the mind the suggestion of opulence of prosperity. We thus make the action of the subconscious mind attract to us what we need and desire.

If we have any defect or weakness we should hold firmly and persistently in mind before we go to sleep, just the opposite characteristic or quality; this will tend to attract to us the thing we long for. If we desire to overcome any vice, we should plead the wholeness, the completness which we long to attain.

Bad temper, inebriety, selfishness and deceitfulness, all sorts of vicious and immoral tendencies, have been eradicated in this manner.

Children seem especially susceptible to suggestion, or what, for want of a better name - may be called the "going - to - sleep" treatment. This is because the subconscious mind is particularly active in the young and much more easily reached, especially during the first stages of sleep, when just dropping into unconsciousness.

Truths emphasized at this time will be remembered more readily by the child and are more likly to be acted upon during the waking hours than those which are emphasized while he is awake, for when he is in the subconscious state he does not antagonize advice:

Some very remarkable results in the correction of vicious tendencies in children have recently been accomplished by appealing to their divine natures—their better selves—through mental suggestion during sleep.

The effective treatment of sickness in infants and children through the medium of such suggestions shows how easily the subconsciousness can be influenced when the child is in the unconscious or semiconscious state

If a child is naturally timid, and afraid of "ghosts," the darkness, r any other thing the mother can often help it to overcome these fears by talking to it while it is dropping to sleep. If it is weak, delicate or ill, she can suggest the healing Christ-truth, the healing idea, strength, vigour, harmony If it is timid she can suggest confidence and courage.

The suggestion of success to the child who has been backward in school, or who has failed in his studies, will often have wonderful effect in the way of establishing confidence and hope.

If the mother talks to her child and reasons with it as it drops off into sleep, just as she would if the child were awake, she will find that her words will have far more effect than if he were conscious, for the stubbornness, the natural inclination to resist, to do that which is forbidden, which is present in the child's mind during its waking hours is quiescent, and it listens to and heeds its mother's advice quietly, naturally, unquestioningly. The wise mother who makes all sorts of good suggestions to her children in her talks—substituting the good for the bad, love for hatred and jealousy, unselfishness for selfishness—soon finds a marked change in the little dispositions. By injecting into the little s[illegible] confidence, hope, love, joy, courage, self-reliance, purity—all the higher and nobler attributes—she can wonderfully change the child's disposition.

സുറിയാനി സിമ്മനാരിക്കു വേണ്ടിയുള്ള

പിരിവു ലിസ്റ്റ്.

(തുടർച്ച)

8. പോത്താനിക്കാട്ടുപള്ളി.

ഒരു രൂപാ സംഭാവന ചെയ്തവർ:—

ചിറപ്പുറത്ത് മത്തായി, പുന്നക്കൽ വക്കി ഇട്ടൻ, തച്ചുകുടി മത്തായി യോയാക്കി, മററത്തിൽ പൈലി, ചുള്ളപ്പിള്ളിൽ അപ്പു, പുത്തേത്ത് പൈലി വക്കി, ടി. വറഗീസ്, കോടിയാട്ട് മാത്തു മാത്തു, പാടശ്ശേരിൽ മത്തായി പൌലൂസ്, പുതുക്രിസ്ത്യാൻ പൌലോസ്, മുണ്ടക്കോട്ടിൽ പൈലി, ചെമ്പകശ്ശേരിൽ ഔസേപ്പ്, പടിഞ്ഞാറക്കര ഇട്ടീരാ.

ഒന്നര രൂപാ:—

പൂക്കന്നേൽ ചെറിയ വക്കി, ടി. വക്കി ചെറിയ, വണ്ടാനത്ത് വക്കി പൈലി, ടി. വക്കി വക്കി, എടപ്പാട്ട മത്തായി കുരുവിള, കടശ്ശാപ്പറമ്പിൽ ചെറിയ വക്കി, ഇടവിളയിൽ ജോൺ വറഗീസ്, ടി. തോമസ്, മരവട്ടിക്കൽ പൈലി ഇത്താപ്പിരി, കാക്കക്കുടി വക്കി കോരത്, ടി. മാത്തു വക്കി, ടി. തോമാ, കോരച്ചേരിൽ പൈലി വക്കി, ടി. പൈലി പൈലി, അമ്പഴച്ചാലിൽ പൈലി തോമാ, അറക്കത്തോട്ടത്തിൽ കുരുവിള മാത്തു, മേലേത്ത് പൈലി വക്കി, ടി. പൈലി തോമാ, ടി. പൈലി എസ്തഫാൻ, പുറമററത്തിൽ ഇട്ടൻ വക്കി, ടി. മാത്തു, വെള്ളാങ്കണ്ടത്തിൽ വക്കി പോത്തൻ, ടി. സ്കറിയാ, പാറയിൽ പൈലി പൈലി, ചെററിക്കുടിയിൽ കുരുവിള മത്തായി, പൂമററത്തിൽ വക്കി മത്തായി, ടി. വക്കി വക്കി, കുഴിക്കാട്ടിൽ വക്കി ചെറിയ, ടി. പാപ്പച്ചൻ, കുമ്മംകോട്ടിൽ പൈലി മാണി, ടി. ചാക്കോ പൈലി, ഇരുമ്പായിൽ പൈലി മത്തായി, കണ്ണാമ്പറമ്പിൽ കോര വക്കി, പാറയിൽ ചാക്കോ മത്തായി, മേടനപ്പിള്ളിൽ പൈലി മാത്തൻ, മണ്ടശ്ശേരി ചാക്കോ സ്കറിയാ, ചെമ്പകശേരിൽ വക്കി ചാക്കോ, പടിഞ്ഞാറെക്കര പൈലി പൈലി, ടി. ചാക്കോ വക്കി, തൈക്കൂട്ടിയിൽ ഇത്താപ്പിരി ചാക്കോ, ചെറകര വക്കി മത്തായി, കുരട്ടുകുളത്തിൽ വക്കി യോഹന്നാൻ, കിഴക്കേമംഗലത്ത് തോമാ തൊമ്മൻ, കോട്ടക്കുടിയിൽ ഔസേഫ് കുഞ്ഞൻ, കണ്ണാമ്പറമ്പിൽ കോര കുരുവിള, കാക്കത്തോട്ടത്തിൽ മത്തായി ചെറിയ.

രണ്ടു രൂപാ:—

പിളിയൻകുന്നത്ത് പൈലി, മോളേൽ മാത്തു, വെള്ളാങ്കണ്ടത്തിൽ പത്രോസ്, പൂക്കന്നേൽ ചെറിയ ഇട്ടൻ, വണ്ടാനത്ത് പൈലി പൈലി, ചീരകത്തോട്ടത്തിൽ ഗീവറഗീസ് മാത്തു, ടി. യാക്കോബ് കത്തനാർ മകൻ മാത്തു, കുമ്മംകോട്ടിൽ പൈലി പൈലി, പാറയിൽ ചാക്ക വക്കി, ടി. അബ്രഹാം, കുമ്മളിൽ ചെറിയ മത്തായി, ചെട്ടിയാംകുടി ഗീവറഗീസ് സ്കറിയാ, പടിഞ്ഞാററി എസ്തഫാനോസ് അന്നം, മാതക്കാലയിൽ അപ്പു വക്കി.

മൂന്നു രൂപാ:—

കല്ലുങ്കൽ വക്കി തൊമ്മൻ, നെട്ടയിള്ളി മാത്തൻ കൊച്ചുകുര, ചീരകത്തോട്ടം സി. കെ. പോൾ, ചെട്ടിയാംകുടി ഗീവറഗീസ് കുര്യാക്കോ, തൊമ്മൻകുടിയിൽ വക്കി ചാക്കോ, മുകളിയിൽ ഇട്ടീരാ തോമാ.

നാലു രൂപാ:—

കല്ലുങ്കൽ തൊമ്മൻ അപ്പു.

അഞ്ചു രൂപാ:—

ചീരകത്തോട്ടത്തിൽ യാക്കോബ് കത്തനാർ മകൻ പൌലൂസ് കത്തനാർ, പടിഞ്ഞാറെക്കുടി മാത്തു കുര്യാക്കോസ്, മണ്ണാറപ്രായിൽ വക്കി ഇട്ടുപ്പ്, പടിഞ്ഞാറെക്കര കുര്യൻ പൈലി, ടി. മാത്തൻ മാത്തു, കല്ലുങ്കൽ പൈലി വക്കി, ടി. വക്കി അപ്പു, ടി. തൊമ്മൻ പൈലി, ടി. പൈലി ചെറിയ, മണ്ണാറപ്രായിൽ ഇത്താപ്പിരി പൈലി, പൂക്കന്നേൽ വക്കി ജോസഫ്, എടപ്പാട്ട് മാത്തു മത്ത, കുരട്ടുകുളത്തിൽ വക്കി മാത്തൻ, വാഴവേലിൽ കൊച്ചുഇട്ടൻ, പടിഞ്ഞാററിൽ എസ്തഫാൻ ഇസഹാക്ക്, ടി. മാണി, ചെട്ടിയാംകുടി പൈലി പൈലി, ടി. വറഗീസ് പൈലി, ടി. അളായി ഗീവറഗീസ്, എടപ്പാട്ട് മത്തായി മാത്തു, ചെറകര ചെറിയത് പൈലി, പാലക്കാട്ട പുത്തൻപുരയിൽ ഔസേപ്പ്, കഴലിനാട്ട കെ. പി. മാത്തു, മുകളിയിൽ ഇട്ടീരാ ഇട്ടൻ.

ഏഴ രൂപാ:—

കല്ലുങ്കൽ വക്കി വറിയത്, ടി. വക്കി പൈലി, ടി. വക്കി അയ്പ്.

പത്തു രൂപാ:—

നെടുങ്ങാലിൽ വക്കി വറുഗീസ്, (101 രൂപാ സമ്മാനിച്ചതിൽ 10 രൂപാ വരവ്) ടി. വക്കി പൈലി, പുക്കാന്നൽ പൈലി മാത്തു, ടി. പൈലി അവരാ, പടിഞ്ഞാറേറിൽ പൈലി വക്കി, ചെട്ടിയാംകുടി സ്കറിയാ, ടി. വറുഗീസ് വക്കി, നിരപ്പുകണ്ടത്തിൽ ഉലഹന്നാൻ തൊമ്മൻ.

പതിനഞ്ചു രൂപാ:—

മുണ്ടയ്ക്കൽ ഇട്ടീരാ അയ്പ്, ടി. ഇട്ടീരാ വക്കി, ടി. കുഞ്ഞൻ, ടി. പൈലി ഇട്ടീരാ, പടിഞ്ഞാറേറിൽ വക്കി തൊമ്മൻ.

ഇരുപത്തിഅഞ്ചു രൂപാ:—

പടിഞ്ഞാറേറിൽ പൈലി വക്കി.

ഒരുനൂററിഒന്നു രൂപാ:—

ചെട്ടിയാംകുടി ബ: പൌലൂസ് കത്തനാർ.

ഒരു രൂപായിൽ കുറഞ്ഞ സംഭാവന	4 — 13 — 0
ടി. പള്ളിയിൽനിന്നും ആകെ പിരിവ്	536 — 5 — 0
മുൻ ലിസ്ററംപടി	3066 — 5 — 3
ആകെ നാളതുവരെ	3602 — 10 — 3

N. B. സമ്മതിച്ച തുക ഇനിയും തന്നുതീർത്തിട്ടില്ലാത്തവരുടെ പേരുകൾ പിന്നാലെ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു. അവർ സമ്മതിച്ച സംഖ്യ എത്രയും വേഗം വന്ദ്യതിരുമേനിയുടെ മേൽവിലാസത്തിൽ അയച്ചുകൊടുക്കുവാൻ താല്പര്യപ്പെടുന്നു.

കല്പനപ്രകാരം പൌലൂസ് ശെമ്മാശൻ.

സെൻറ്, മേരീസ് വൈദ്യാലയം,
വേങ്ങൂർ, കുറുപ്പംപടി.

VYDIAN:
K. V. IYPE.

യൗവനം നിലനിറുത്തി നിത്യസൗഭാഗ്യം അനുഭവിക്കണമെങ്കിൽ ഞങ്ങളുടെ കരിംകുരങ്ങ് രസായനം സേവിപ്പിൻ.

മാനേജർ: ബ: കോച്ചേരിൽ വറുഗീസ് കത്തനാർ, തൃക്കുന്നത്തു സെമിനാരി, ആലുവാ.

പത്രാധിപർ: ബ: വി. സി. ഗീവറുഗീസ് കത്തനാർ B. A., തൃക്കുന്നത്തു സെമിനാരി, ആലുവാ.

Printed at the S. G. Press, Parur & Published at Alwaye by Rev. Fr. V. C. Gheevarghese.